

മനസ്സ് കീഴടക്കിയ കള്ളന്റെ കഥ
പേജ് 5



മിനിസ്ട്രി ഓഫ് അറ്റ്മോസ്റ്റ് ഹാപ്പിനസ്
പേജ് 6



ഉണരുമീ ഗാനം...
പേജ് 7



വരുന്നോ... ഒരു 'ലൈറ്റ് മെട്രോ'
പേജ് 5

24 ഒക്ടോബർ 2017

1193 തുലാം 08

# കളരി

കേരള സർവകലാശാല കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വകുപ്പിന്റെ പരിശീലന പ്രസിദ്ധീകരണം

UNIVERSITY OF KERALA

Vol : 40
No. 2

uniqvoice.blogspot.com
uniqvoice@gmail.com

## സൗരോർജ പദ്ധതിയുമായി സർവകലാശാല സ്വയം പര്യാപ്തതയിലേക്ക്

# പച്ച വെളിച്ചം

## ഊർജ സംരക്ഷണത്തിലൂടെ ലക്ഷ്യം ഹരിത ക്യാമ്പസ്

**ആനന്ദ് കുമാർ**

കാര്യവട്ടം: സുസ്ഥിര ഊർജ പദ്ധതിയിലും ക്യാമ്പസ് ചുവടുകൾ മുന്നിൽ. രാജ്യത്തെ തന്നെ മികച്ച സൗരോർജ്ജ പദ്ധതികളിൽ ഒന്നാണ് ഇവിടുത്തേത്.
അജണ്ട 2030ന്റെ ഭാഗമായി ഐക്യരാഷ്ട്ര സഭ മുന്നോട്ട് വെച്ച ആശയമാണ് ഏവർക്കും താങ്ങാനാവുന്ന വിലയിൽ സുസ്ഥിരവും ആധുനികവുമായ രീതിയിൽ ഊർജം ലഭ്യമാക്കുക എന്നത്. ഇത്തരത്തിലൊരു അന്താരാഷ്ട്ര വിപ്ലവത്തിന് തുടക്കം കുറിക്കുന്നതിനു മുൻപ് തന്നെ കാര്യവട്ടം ക്യാമ്പസ് സുസ്ഥിര ഊർജ പദ്ധതി ആവിഷ്കരിച്ചിരുന്നു. 2015 ജൂലൈ 16ന് ആയിരുന്നു ഇതിനു തുടക്കം.

'പുനരുത്പാദന ഊർജമാണ് ഭാവിയിലെ ഊർജം' , കണ്ണൂർ ഗവണ്മെന്റ് എൻജിനീയറിങ് കോളേജിന്റെ പ്രിൻസിപ്പാളും, ഊർജ മേഖലയിലെ വിദഗ്ധനുമായ ഡോ. ആർ.വി.ജി.മേനോൻ പറഞ്ഞു. 2002 മുതൽ സമഗ്രമായ പുനരുത്പാദന ഉർജ നയം സ്വീകരിച്ച സംസ്ഥാനങ്ങളിലൊന്നാണ് കേരളം. സർവകലാശാലയിലെ സൗരോർജ പ്ലാന്റുമായി ബന്ധപ്പെടുത്തിയിരിക്കുന്ന 100 കിലോവാട്ട് ഗ്രിഡ് സ്ഥാപിച്ചിരിക്കുന്നത് പാരമ്പര്യേതര ഊർജ ഗ്രാമീണ സാങ്കേതിക വിദ്യയുടെ ഏജൻസി ആയ 'അനേർട്' ആണ്.

കാര്യവട്ടം ക്യാമ്പസിലെ ഗോൾഡൻ ജൂബിലി മന്ദിരത്തിനു മുകളിലായിട്ടാണ് ഇത് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. അനേർട് രൂപീകരിച്ച ഏറ്റവും വലിയ 'ഗ്രിഡ് കണക്റ്റഡ്' ഫോട്ടോവോൾടൈക് പ്ലാന്റാണ് ക്യാമ്പസിലുള്ളത്. അതായത്, സൗരോർജം കെ.എസ്.ഇ.ബിയുടെ സാധാരണ വൈദ്യുതി ഗ്രിഡിലേക്ക് കടത്തി വിടുക. ഇതുവഴി ലഭ്യമാകുന്ന ഊർജത്തിന്റെ അളവ് വർധിപ്പിക്കാനും പരമ്പരാഗത ഊർജ ഉപഭോഗം കുറയ്ക്കാനും സാധിക്കും. 'നിലവിൽ 42 ഡിപാർട്ട്മെന്റുകളും വിവിധ ഹോസ്റ്റലുകളും, 110 സ്റ്റാഫ് ക്വാട്ടേർസും ഉൾപ്പടെയുള്ള വിശാലമായ ക്യാമ്പസിൽ ദിനം പ്രതി ശരാശരി 5100 യൂണിറ്റ് വൈദ്യുതിയാണ് വേണ്ടിവരുന്നത്. സൗരോർജ പ്ലാന്റിൽ നിന്നു ലഭിക്കുന്ന വൈദ്യുതിയിലൂടെ 5 മുതൽ 6 ലക്ഷം രൂപയാണ് പ്രതിവർഷം സർവകലാശാലയ്ക്ക് ലാഭിക്കാനാവുന്നത് ', കേരളസർവകലാശാല ഇലക്ട്രിക്കൽ എഞ്ചിനീയറായ സലിൻപറഞ്ഞു.



### മുന്നൊരുക്കങ്ങൾ സജീവം

**ഏകദേശം ഒരു കോടി രൂപയുടെ മുതൽമുടക്കിലാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഊർജ സംരക്ഷണത്തിനോടൊപ്പം ഹരിത ക്യാമ്പസ് എന്ന ആശയവും മുന്നോട്ട് വയ്ക്കുകയാണ് കേരള സർവകലാശാല. വിദ്യാഭ്യാസ രംഗത്ത് മാത്രമായി സർവകലാശാലയുടെ മികവ് ചുരുക്കാതെ ഊർജ സംരക്ഷണത്തിലും, അതു വഴി ഹരിത വിപ്ലവത്തിനും വഴിയൊരുക്കുകയാണ് ഈ പദ്ധതി. സ്വർണ കിരണങ്ങളിലൂടെ സ്വയം പര്യാപ്തത കൈവരിക്കാനുള്ള ഈ യജ്ഞം ഭാവിയിലെ ഊർജ സംരക്ഷണത്തിനായുള്ള മുന്നൊരുക്കമാണ്.**

## ക്യാമ്പസിൽ ജലസുസ്ഥിരത

**അർത്ഥന എസ്.പി.,അക്ഷയ് കുമാർ**

കാര്യവട്ടം: ക്യാമ്പസിന്റെ ദാഹമകറ്റാൻ ഒരു കോടി ചെലവിൽ രണ്ടു കിണറുകൾ കൂടി പൂർത്തിയാവുകയാണ്. ക്യാമ്പസ് നിലവിൽ ആശ്രയിക്കുന്നത് ഹൈമാവതിക്കുളത്തിനടുത്തു സ്ഥിതി ചെയ്യുന്ന കിണറിനെയും ജല അതോറിറ്റിയുടെ പൈപ്പ് കണക്ഷനുമാണ്. കിണറുകൾ ഉപയോഗക്ഷമം ആകുന്നതോടുകൂടി പുറത്തു നിന്നുള്ള ജലശേഖരണം കുറക്കാനാകുമെന്ന് യൂണിവേഴ്സിറ്റി എഞ്ചിനീയർ എ.കെ.ശോഭ പറഞ്ഞു.ക്യാമ്പസിനു പുറത്തേക്കുകൂടി ജലവിതരണത്തിനും ആലോചിക്കുന്നുണ്ട്. ബോട്ടണി ഡിപ്പാർട്ട്മെന്റിനടുത്തുള്ള കിണർ ഏതാണ്ട് 12 മീറ്റർ ആഴത്തിലും വീതിയിലും നിർമ്മിച്ചപ്പോൾ മറ്റേത് 10 മീറ്റർ ആഴത്തിലും വീതിയിലുമാണ് പൂർത്തീകരിച്ചിരിക്കുന്നത്. ഒരു കോടിയോളം രൂപയാണ് മഴവെള്ള സംഭരണ പദ്ധതിയിലൂടെ ചെലവിട്ടിരിക്കുന്നത്. ഏകദേശം പണി പൂർത്തിയായി കഴിഞ്ഞിരിക്കുന്ന ഈ കിണറുകൾ ഉപയോഗയുക്തമായാൽ ക്യാമ്പസിലുള്ളവർക്കു വലിയ ആശ്വാസമാകും.

## കാര്യ'വെട്ടം'




വര : ഷഹാന റഷീദ്

# മുഖം മാറ്റാൻ മുന്നൂറ്

**തസ്നീം മുഹമ്മദ്, പാർവതി ആർ എസ് നായർ**

കാര്യവട്ടം: കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിന് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) മുന്നൂറു കോടി. അടിസ്ഥാന സൗകര്യ വികസനത്തിനോടൊപ്പം ഗവേഷണ പ്രവർത്തനങ്ങൾക്കും മുൻഗണന നൽകി സർവകലാശാലയെ ലോകോത്തര നിലവാരത്തിലേക്കുയർത്താനാണ് ശ്രമിക്കുന്നതെന്ന് പദ്ധതിയുടെ ചുമതലയുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയുടെ ഡയറക്ടർ ഡോ. സി. കെ ചന്ദ്രശേഖരൻ പറഞ്ഞു.

ഗവേഷണ കേന്ദ്രങ്ങൾ, സെമിനാർ കോംപ്ലക്സുകൾ, കെട്ടിടങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ, തുടങ്ങിയവക്ക് പദ്ധതി തുക വകയിരുത്തും. സർവകലാശാലയുടെ വികസന രംഗത്തെ കുതിച്ചുചാട്ടത്തിനാണ്. ഇതിലൂടെ കിഫ്ബി വഴിയൊരുക്കുന്നത്.

കേരള തനിമയും പൈതൃകവും പ്രതിഫലിക്കുന്ന രീതിയിൽ 'കേരളഗ്രാമം' ഒരുക്കാനും പദ്ധതിയുണ്ട്. നിലവിൽ ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ മേൽനോട്ടത്തിലുള്ള ബൊട്ടാണിക്കൽ ഗാർഡൻ വിപുലീകരിച്ച് അന്താരാഷ്ട്ര ശ്രദ്ധ ആകർഷിക്കുന്ന രീതിയിലേക്ക് ഉയർത്തുക, ക്യാമ്പസിലെ ജൂബിലി ആഡിറ്റോറിയം നവീകരിക്കുന്നതിനോടൊപ്പം ആംഫി തീയറ്റർ, ഹ്യൂമൺ റിസോഴ്സ് സെന്റർ, സ്റ്റുഡന്റ് അംനിറ്റി സെന്റർ, ഗസ്റ്റ് ഹൗസ് തുടങ്ങിയവയുടെ നിർമ്മാണം, കുടിവെള്ള പദ്ധതികൾ, ലൈബ്രറി, ഹോസ്റ്റലുകൾ തുടങ്ങിയവയുടെ നവീകരണം, എന്നിങ്ങനെ നിരവധി സംരംഭങ്ങളാണ് 300 കോടിയുടെ ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.


ഇതിനു പുറമേ വിവിധ പഠന വകുപ്പുകളും ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കാര്യവട്ടം ക്യാമ്പസിനോടൊപ്പം പാളയം ക്യാമ്പസിന്റെയും നവീകരണം ഇതിലൂടെ ലക്ഷ്യം വെക്കുന്നുണ്ട്.

# അതെ,ഒരു ലക്ഷം രൂപയ്ക്ക് 'ഫിക്ഷൻ'

**ആസിഫ് അബ്ദുൽ കലാം**

തിരുവനന്തപുരം: ചിത്രം ഹ്രസ്വമാണെങ്കിലും സുദീർഘമായ ആലോചനയിലാണ് അഭിലാഷ് സുധീഷ് 'ഫിക്ഷൻ' പിടിച്ചെടുത്തത്. ചലച്ചിത്ര ലോകത്തേക്ക് കടക്കാൻ മലയാളി യുവാക്കൾ ഏറ്റവുമധികം ആശ്രയിക്കുന്നത് ഹ്രസ്വചിത്രങ്ങളെയാണ്. വേണ്ടത്ര പ്രോത്സാഹനം ലഭിക്കാത്തത് കൊണ്ടും മുതൽമുടക്കാൻ ആളില്ലാത്തത് കൊണ്ടും ഇത്തരത്തിലുള്ള പല പ്രതിഭകളെയും നാം അറിയാതെ പോവുകയാണ്. അവസരങ്ങൾ എത്തുന്നതും കാത്തിരിക്കാതെ സ്വന്തമായി ഒരു പാത തെളിച്ച അഭിലാഷ് സുധീഷ് ഇവിടെയാണ് വ്യത്യസ്തനാകുന്നത്. കേരള സർവകലാശാല കാര്യവട്ടം കാമ്പസിലെ എം.സി.ജെ വിദ്യാർഥിയായിരുന്ന അഭിലാഷിന്റെ ആദ്യ ചിത്രമായ 'ഫിക്ഷൻ' ഒരുങ്ങുന്നത് ഒരുലക്ഷം ചെലവഴിച്ചാണ്.

ചിത്രത്തിന്റെ നിർമ്മാണവും സംവിധാനവും എഡിറ്റിംഗും നിർവഹിച്ചിരിക്കുന്നത് അഭിലാഷ് തന്നെയാണ്. നിയമ വിദ്യാർഥിയായ സൂര്യകാന്ത് റോയും അഭിലാഷും ചേർന്നാണ് ചിത്രത്തിന്റെ രചന നിർവഹിച്ചിരിക്കുന്നത്. ജൂണിൽ ആരംഭിച്ച ചിത്രീകരണം 30 ദിവസം കൊണ്ടാണ് പൂർത്തിയായത്. 'ഫിക്ഷനു' വേണ്ടിയുള്ള മാനസികമായ തയ്യാറെടുപ്പുകൾ തുടങ്ങിയിട്ട് ഒരു വർഷമായെന്നു അഭിലാഷ് പറയുന്നു. തന്റെ സ്വപ്നങ്ങൾക്കൊപ്പം നിൽക്കുന്ന ഏതാനും സുഹൃത്തുക്കളുടെ പിൻബലത്തോടെയാണ് അഭിലാഷ് ഈ സിനിമ പൂർത്തിയാക്കുന്നത്. മാധ്യമപഠന വിദ്യാർത്ഥിയായ അഭിരാം ഗോപകുമാറിന്റെ 'ടാക്സി' എന്ന ചെറുകഥയെ ആസ്പദമാക്കിയാണ് ഈ ചിത്രത്തിന്റെ തിരക്കഥ ഒരുക്കിയിരിക്കുന്നത്. അഭിരാം ഗോപകുമാറാണ് ഛായാഗ്രഹണം. മലയാളസിനിമയിലും തെലുങ്കിലും അസിസ്റ്റന്റ് ക്യാമറമാനായി പ്രവർത്തിച്ച അനുഭവസമ്പത്തുണ്ട് അഭിരാമിന്.



ചിത്രത്തിന്റെ പോസ്റ്റർ

വാണി രാജേന്ദ്രൻ, കരിങ്കുന്നം സിക്സ് എന്ന ചിത്രത്തിലൂടെ ശ്രദ്ധേയനായ നന്ദു ഗോപാലകൃഷ്ണൻ, കിരൺ സോണി, ഫയാസ്, കമ്മ്യുണിക്കേഷൻ വിഭാഗത്തിലെ പൂർവവിദ്യാർഥിയായ അനൂപ് മോഹൻ എന്നിവരാണ് അഭിനയിച്ചിരിക്കുന്നത്. ഈ വർഷത്തെ അന്താരാഷ്ട്ര ചലച്ചിത്ര മേളക്ക് മുൻപായി ചിത്രത്തിന്റെ എഡിറ്റിംഗ് ജോലികൾ പൂർത്തിയാക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്.

പരീക്ഷണങ്ങൾ കാഴ്ച വെച്ച രണ്ട് ഹ്രസ്വചിത്രങ്ങളാണ് ഇതിനുമുൻപ് അഭിലാഷ് ചെയ്തിട്ടുള്ളത്. സ്ക്രൈ, സ്മഡ്ജ് എന്നീ ഷോർട്ട് ഫിലിമുകൾ യൂട്യൂബിൽ ലഭ്യമാണ്. 2015 ലെ കേരള അന്താരാഷ്ട്ര ഡോകുമെന്ററി ഹ്രസ്വ ചിത്ര മേളയിൽ ഔദ്യോഗിക എൻട്രി ലഭിച്ച ചിത്രമാണ് സ്ക്രൈ. നാലാമത് ഇൻഡീ ഫിലിം ഫെസ്റ്റിവലിൽ ചിത്രത്തിന് രണ്ടാം സ്ഥാനവും ലഭിച്ചു. പ്രശസ്ത ക്യാമറ നിർമ്മാതാക്കളായ നിക്കോൺ ഇന്ത്യയിൽ നടത്തിയ ഹ്രസ്വചിത്രമത്സരത്തിന്റെ ആദ്യ എഡിഷനിൽ ഒന്നാം സ്ഥാനം നേടിയ ചിത്രമാണ് സ്മഡ്ജ്. ഈ രണ്ടു ചിത്രങ്ങൾക്കും ലഭിച്ച നിരൂപകപ്രശംസയാണ് അഭിലാഷിനെ തന്റെ സിനിമാപരീക്ഷണങ്ങളുമായി മുന്നോട്ട് പോകാൻ പ്രേരിപ്പിക്കുന്നത്.

'ഫിക്ഷൻ' പൂർണമായും തിരുവനന്തപുരത്താണ് ചിത്രീകരിച്ചിരിക്കുന്നത്. തമ്പാനൂരിലെ ഒരു ചെറിയ സ്റ്റുഡിയോ സ്പേസിലാണ് അണിയറപ്രവർത്തനങ്ങൾ നടക്കുന്നത്. പരമാവധി ചലച്ചിത്ര മേളകളിൽ ചിത്രം പ്രദർശിപ്പിക്കുക എന്നതാണ് ലക്ഷ്യം. എന്നാൽ വിതരണക്കാർ മുന്നോട്ട് വന്നാൽ ചിത്രം തിയേറ്ററുകളിലും എത്തിക്കാം എന്ന പ്രതീക്ഷയിലാണ് അഭിലാഷും സംഘവും.

# അനുസ്മരണം ഒരു വിനിമയമാണ്

## ക്യാമ്പസിൽ മെക്വയിൽ അനുസ്മരണം

**അർത്ഥന എസ്.പി.**

കാര്യവട്ടം : കേരള സർവകലാശാല കമ്മ്യൂണിക്കേഷൻ ആൻറ് ജേർണലിസം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ അന്തരിച്ച വിനിമയ സൈദ്ധാന്തികൻ ഡെന്നിസ് മെക്വയിലിനെ അനുസ്മരിച്ചു. കമ്മ്യൂണിക്കേഷൻ ക്ലബിന്റെ നേതൃത്വത്തിലാണ് അനുസ്മരണയോഗം സംഘടിപ്പിച്ചത്. വകുപ്പ് മേധാവി ഡോ. എം. എസ് ഹരികുമാർ അധ്യക്ഷത വഹിച്ചു. ഡെന്നിസ് മെക്വയിലിന്റെ ജീവചരിത്രം, വിനിമയ സിദ്ധാന്തങ്ങളെ പറ്റിയുള്ള അവലോകനം എന്നീ വിഷയങ്ങളിൽ ചർച്ച നടത്തി.

വിദ്യാർഥികളുടെ പേപ്പർ അവതരണത്തിനുശേഷം അദ്ദേഹത്തിന്റെ സംഭാവനകളെക്കുറിച്ചും, സിദ്ധാന്തങ്ങളെക്കുറിച്ചും അദ്ധ്യാപകർ വിവരിക്കുകയുണ്ടായി. ജേർണലിസം വകുപ്പിന്റെ മുൻകാല ജേർണലിൽ മെക്വയിലിന്റെ സംഭാവനയായി ഒരു ലേഖനമുണ്ടായിരുന്നത് അഭിമാനാർഹമാണെന്ന് അദ്ധ്യാപകർ കൂട്ടിച്ചേർത്തു. മെക്വയിൽ പഠനവിധേയമാക്കിയ മീഡിയ പെർഫോമൻസ്, മീഡിയ എഫക്റ്റ്, ഓഡിയൻസ് എന്നീ വിഷയങ്ങളെ കുറിച് രണ്ടാം വർഷ മാധ്യമപഠന വിദ്യാർഥികളായ പ്രബന്ധം അവതരിപ്പിച്ചു. തുടർന്ന് അടൂർ ഗോപാലകൃഷ്ണൻ : എ ജേർണി ഇൻ ഫ്രെയിംസ്, ഗ്ലാസ് എന്നീ ഡോകുമെന്ററികളും പ്രദർശിപ്പിച്ചു.

വിനിമയ മേഖലക്ക് പകരം വെക്കാനില്ലാത്ത സംഭാവനകൾ നൽകിയ മെക്വയിൽ 1935 ഏപ്രിൽ 12 ന് ബ്രിട്ടനിൽ ജനിച്ചു. ലോക പ്രശസ്തനായ ഈ വിനിമയ സൈദ്ധാന്തികൻ ആംസ്റ്റർഡാം യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായിരുന്നു. അദ്ദേഹത്തിന്റെ ടെലിവിഷൻ സീരിയലുകൾ പൊതുതാല്പര്യങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു എന്ന പഠനം വളരെ പ്രസിദ്ധമാണ്. ഒരു സൈദ്ധാന്തികൻ എന്നതിലുപരി ആശയവിനിമയരംഗത്തെ മികച്ച ഒരു നിരൂപകനും ഗവേഷകനും കൂടിയായിരുന്നു അദ്ദേഹം.



കേരള സർവകലാശാല മാധ്യമപഠന വിഭാഗത്തിൽ നടന്ന ഡെന്നിസ് മക്വയിൽ അനുസ്മരണ പരിപാടിയിൽ നിന്ന്...

# അങ്ങനെ മക്കായി മലയാളിയായി

**അഭിജിത്ത് എസ്.എസ്**



കാര്യവട്ടം: മാതൃഭാഷ അറിയാതെ ജീവിക്കുന്ന കേരളീയരുടെ ഇടയിലാണ് നമീബിയൻ മല്ലു ആയ മക്കായി സാപ്പി അത്ഭുതമാകുന്നത്. കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിൽ എക്കണോമിക്സ് ഡിപാർട്ട്മെന്റിലെ
പി.ജി രണ്ടാം വർഷ വിദ്യാർത്ഥിയാണ് മക്കായി എന്നറിയപ്പെടുന്ന മക്കായി സാപ്പി. രണ്ടു വർഷമായി കേരളത്തിലുള്ള മക്കായിക്ക് മലയാള ഭാഷ നന്നായി വഴങ്ങും. ആഫ്രിക്കയിലെ നമീബിയ സ്വദേശിയായ മക്കായി ഉപരിപഠനാർത്ഥമാണ് കേരളത്തിലെത്തിയത്.

കർഷകനായ ടിജ്ജ്ജുംബിനയുടെ പത്തു മക്കളിൽ ഒൻപതാമനാണ് മക്കായി. നമീബിയ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ നിന്ന് ഏക്കണോമിക്സിൽ ബിരുദം നേടി. ഉപരിപഠനത്തിനായി ഇന്ത്യ തിരഞ്ഞെടുത്ത മക്കായി ഗുജറാത്ത് യൂണിവേഴ്സിറ്റിയിൽ നിന്ന് പഠനം ആരംഭിക്കുകയും ചെയ്തു. ഹിന്ദി ഭാഷ കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടതിനാൽ പഠനം കേരള സർവ്വകലാശാലയിലേക്ക് മാറ്റാൻ തീരുമാനിച്ചു. ഇതിനിടെ കാര്യവട്ടം ക്യാമ്പസിൽ നിന്ന് ഹിന്ദിയുടെ സർട്ടിഫിക്കറ്റ് കോഴ്സും ചെയ്തു. ആദ്യം ബുദ്ധിമുട്ടിയെങ്കിലും ഇപ്പോൾ മലയാളവും ഹിന്ദിയും മക്കായി പഠിച്ചു.

മലയാളികളായ സഹപാഠികളുടെ പിന്തുണയും സൗഹൃദവും മക്കായിക്ക് മറക്കാനാവില്ല. സുഹൃത്തുക്കളാണ് മക്കായിയെ മലയാളം പഠിപ്പിച്ചത്. നമീബിയയിലെ സുഹൃത്തുക്കളും മക്കായിക്കൊപ്പം ഇവിടെയുണ്ട്. കേരളത്തിന്റെ കാലാവസ്ഥയും ഭക്ഷണവും ഒക്കെ പ്രിയപ്പെട്ടതാണ് എന്നാൽ എരിവ് കൂടിയ ഭക്ഷണം ചെറിയൊരു വെല്ലുവിളിയാണെന്നും മക്കായി പറയുന്നു.

ഇവിടെ ഫുട്ബോൾ കളിക്കുന്ന മലയാളി കൂട്ടുകാരെയും മക്കായിക്ക് ഒരുപാട് ഇഷ്ടമാണ്. കാരണം അത്തരത്തിൽ ഒരു ആഴത്തിലുള്ള ബന്ധമാണ് മക്കായിക്ക് കേരളവുമായി ഇപ്പോൾ ഉള്ളത്. ഡിപാർട്ട്മെന്റുകൾ തമ്മിലുള്ള ദൂരവും സർവകലാശാല ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ ലഭിക്കാത്തതും മക്കായിയെ വിഷമിപ്പിക്കുന്ന കാര്യങ്ങളാണ്. നമീബിയയിൽ നിന്നും വ്യത്യസ്തമായ ഇന്ത്യൻ വിദ്യാഭ്യാസ രീതികളിൽ ചിലതിനോടു വിയോജിപ്പുണ്ട്.

# 'മായ'ാത്ത നിയന്ത്രണരേഖ

**റാൽഫ് റോബർട്ട്**

കാര്യവട്ടം: ക്യാമ്പസിന് മുന്നിലെ റോഡിലൂടെ വാഹനങ്ങൾക്ക് കുറുകെ സുരക്ഷയുടെ ഒരു കൈത്താങ്ങാണ് മായ ദേവിയെന്ന ട്രാഫിക്‌വാർഡൻ. തലസ്ഥാന നഗരിയുടെ ഹൃദയഭാഗമായ കാര്യവട്ടത്ത് 450 ഏക്കറിൽ രണ്ടു ബ്ലോക്ക് ആയി സ്ഥിതി ചെയുന്ന കേരള സർവകലാശാല കാമ്പസിൽ 42 ഡിപ്പാർട്ട്മെന്റുകളിലായി 1600ൽ പരം വിദ്യാർത്ഥികളും അനേകം ഗവേഷകരും അതുപോലെ ജീവനക്കാരും ദിനംപ്രതി വന്നു പോകുന്നു. എന്നാൽ ഇവർ നിരന്തരം നേരിടുന്നൊരു വെല്ലുവിളിയുണ്ട്. നിരവധി വാഹനങ്ങൾ കടന്നുപോകുന്ന കാമ്പസിന് മുന്നിലുള്ള റോഡ് മുറിച്ചുകടക്കുക എന്നത്. എന്നാൽ ഈ സാഹസത്തിന് ഇവർക്ക് തുണയായി കാമ്പസിന്റെ 'മായചേച്ചി'എന്ന ട്രാഫിക് വാർഡൻ ഉണ്ട്. കേരളത്തിലെ ഐ. റ്റി ഹബ് ആയ ടെക്നോപാർക്കിനോട് ചേർന്നു നിൽക്കുന്ന കാമ്പസ് ആയതുകൊണ്ടും ദേശീയപാത 47ന് സമീപം സ്ഥിതി ചെയ്യുന്നത് കൊണ്ടും ഗതാഗത പ്രശ്നങ്ങൾ ഇവിടെ സാധാരണമാണ്.

സിഗ്നലുകൾ സ്ഥാപിച്ചിട്ടില്ലാത്ത റോഡുകളിലെ സുരക്ഷ സമയഭേദമന്യേ ഉറപ്പുവരുത്തുകയും എന്നാൽ ഏറവും കൂടുതൽ അവഗണിക്കപ്പെടുകയും ചെയ്യുന്ന വിഭാഗമാണ് ട്രാഫിക് വാർഡൻ ഡിപ്പാർട്ട്മെന്റ്. 2008 ൽ കേരള സർവകലാശാല ഗതാഗത നിയന്ത്രണത്തിനായി ട്രാഫിക് വാർഡൻ നിയമനത്തിന് അപേക്ഷ നൽകി. തുടർന്ന് 2 ട്രാഫിക് വാർഡനുകൾ കാമ്പസിന്റെ പ്രവേശനകവാടത്തിൽ നിയോഗിക്കപ്പെട്ടു. കേരള സർവകലാശാലയുടെ സെക്യൂരിറ്റി ജീവനക്കാർക്ക് ഉള്ള അതെ വ്യവസ്ഥ അടിസ്ഥാനത്തിലായിരുന്നു നിയമനം. അങ്ങനെ നിയമിതരായ ട്രാഫിക് വാർഡൻമാരിൽ ഒരാളാണ് മായാദേവി എന്ന മായചേച്ചി. സാധാരണ കണ്ടു വരുന്ന പോലീസ് ഡിപ്പാർട്ട്മെന്റിലെ സേവകരിൽ നിന്നും തികച്ചും വ്യത്സ്തമായ ഒരു വ്യക്തിത്വത്തിന് ഉടമയാണ് മായാദേവി. ഒരു ട്രാഫിക് വാർഡൻ



മായ കാര്യവട്ടം കാമ്പസിന് മുന്നിലെ തന്റെ ഡ്യൂട്ടിക്കിടെ.

എന്നതിൽ ഉപരി കാമ്പസിലെ പല വിദ്യാർത്ഥികളുടേയും ജീവനക്കാരുടെയും കൂട്ടുകാരിയും ചേച്ചിയും കൂടെയാണ് മായാദേവി. അശ്രദ്ധമായി റോഡ് മുറിച്ചുകടക്കുന്നവരെ ശകാരിക്കാനും ചേച്ചിക്ക് മടിയില്ല. ഇനി ഈ സ്ഥാനത്തു കാമ്പസിലെ തന്നെ തന്റെ സുഹൃത്തുക്കളായാൽ 'ചൂരൽ പ്രയോഗം' ആണ് അശ്രദ്ധക്ക് മായചേച്ചിയുടെ ശിക്ഷാവിധി. അശ്രദ്ധമായി ഫോൺ ഉപയോഗിച്ചു കൊണ്ട് അച്ഛനും അമ്മയ്ക്കുമൊപ്പം റോഡ് മുറിച്ചുകടന്ന് കുട്ടിയെ മാതാപിതാക്കളുടെ മുന്നിൽ വെച്ച് ഫോൺ ഉപയോഗിക്കുന്നതിന്റെ ഭവിഷ്യത്ത് പറഞ്ഞു മനസിലാക്കി വിട്ട സംഭവവും ഉണ്ടായിട്ടുണ്ട്.

9 വർഷമായി മഴയത്തും വെയിലത്തും കാമ്പസിൽ വന്നുപോകുന്നവരെ സുരക്ഷിതരായി റോഡ് കടത്തി വിടുന്ന മായാദേവിക്ക് പക്ഷേ പറയാനുള്ളത് അവഗണയുടെ കഥകൾ മാത്രമാണ്. തിങ്കൾ മുതൽ വെള്ളി വരെ ദിവസവും 7 മണിക്കൂർ ജോലി ചെയ്യുന്ന മായാദേവിക്ക് കേരള സർവകലാശാല ആകെ അനുവദിച്ച നൽകിയ ആനുകൂല്യം കാമ്പസ് ഗേറ്റിനു പുറത്ത് ഒരാൾക്ക് മാത്രം നിൽക്കാൻ സ്ഥലമുള്ള ഒരു സെക്യൂരിറ്റിമുറിയാണ്. മഴപെയ്താൽ ധരിക്കാൻ മഴക്കോട്ടോ പ്രാഥമിക ആവശ്യങ്ങൾക്ക് ഉള്ള സംവിധാനങ്ങളോ സജ്ജമായിട്ടില്ല.

ഈ അവഗണകൾക്കും പരിഹാസ്യത്തിനും നടുവിലും മഴയും വെയിലും സഹിച്ചും ഒരടി പിന്നോട്ടു പോകാതെ സമർപ്പണബോധത്തോടെ ജോലി ചെയ്യുന്ന മായാദേവിയെ പോലെ ഉള്ളവർക്ക് വരും നാളുകളിലെങ്കിലും അർഹിക്കുന്ന അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കാം. കാമ്പസിന്റെ ആത്മാവ് അറിഞ്ഞു ജോലി ചെയ്യുന്ന മായാദേവി ഇനിയും കാമ്പസിലെ വിദ്യാർത്ഥികളുടെ കാവൽമാലാഖയായി ഇവിടെ തന്നെ ഉണ്ടാകും എന്ന് പ്രതീക്ഷിക്കാം.

കേരള സർവകലാശാലയിൽ നിന്നു മാസ്റ്റർ ഓഫ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ധന്യ എസ് നായർ. യുജിസി നെറ്റ് യോഗ്യതയും കരസ്ഥമാക്കിയ ധന്യ പി കെ ശ്രീകുമാരൻ നായരുടെയും ലളിത കുമാരി യുടെയും മകളാണ്.



# കടൽ കടന്ന് റാങ്കിലേക്ക്

**അനോമ ഡേവിഡ് തോംസൺ**

തിരുവനന്തപുരം :കേരള സർവകലാശാലയുടെ എം.എ ലിംഗ്വിസ്റ്റിക്സിൽ നിന്ന് ഒന്നാം റാങ്ക് നേട്ടം കരസ്ഥമാക്കിയത് ഈസ അലി മുഹമ്മദ് എന്ന യെമൻ വിദ്യാർഥിയാണ്. യെമനിൽ നിന്ന് ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് (ഐ.സി.സി.ആർ) സ്കോളർഷിപ്പ് നേടി കാര്യവട്ടം ക്യാമ്പസ്സിൽ രണ്ടു വർഷം മുൻപാണ് ഈസ എത്തിയത്.

ലിംഗ്വസ്റ്റിക്സ് ബിരുദാനന്തര ബിരുദ പരീക്ഷയിൽ 83.95 ശതമാനം മാർക്ക് നേടിയാണ് ഈസ മറ്റു വിദ്യാർഥികളെ പിൻതള്ളി ഒന്നാം റാങ്ക് നേടിയത്.

യെമനിലെ സനാ യൂണിവേഴ്സിറ്റിയിൽ അധ്യാപകനായി ജോലി ചെയ്യുന്ന സമയത്താണ് ഈസയ്ക്ക് സ്കോളർഷിപ്പ് ലഭിച്ചത്. സനാ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദത്തിൽ റാങ്ക് നേടിയ ഈസ 2011 മുതൽ അവിടെ അധ്യാപകനായി ജോലി ചെയ്യുകയായിരുന്നു.

ഈസ ഭാര്യയായ അബീറിനും, മക്കളായ മറാം, മനാർ എന്നിവർക്കൊപ്പം കാര്യവട്ടത്ത് തന്നെയാണ് താമസം. അധ്യാപകനായ അച്ഛനിൽ നിന്ന് ലഭിച്ച അധ്യാപക ശേഷിയും, വിഷയത്തോടുള്ള താത്പര്യവുമാണ് ഈസയെ വിജയത്തിലേക്ക് നയിച്ചത്. സ്കോളർഷിപ്പ് നീട്ടി



ഈസ അലി മുഹമ്മദ്

ലഭിച്ചതിനാൽ കേരള സർവകലാശാലയിൽ നിന്നു വിവർത്തനമേഖലയിൽ പി.എച്ച്.ഡി പഠനം ആരംഭിക്കാനാണ് ഈസയുടെ തീരുമാനം. ഗർഭിണിയായ ഭാര്യയ്ക്ക് കേരളത്തിൽ സ്വന്തം നാട്ടിലെന്ന പോലെയുള്ള അന്തരീക്ഷമാണ് ലഭിക്കുന്നതെന്ന് ഈസ പറയുന്നു.

ആതിഥേയത്വം എന്താണെന്നും എങ്ങനെ നൽകണമെന്നും അറിയാവുന്നവരാണ് മലയാളികൾ 'എന്ന് ഈസ പുഞ്ചിരിയോടെ ഓർക്കുന്നു.

# സർവകലാശാലയിൽ സംരംഭകരാകാം

**വീണാ വിജയൻ**

കാര്യവട്ടം: വിദ്യാർഥികൾക്ക് യുവസംരംഭകരാകാനുള്ള അവസരം ഒരുക്കുകയാണ് കേരള സർവകലാശാല ടെക്നോളജി ആന്റ് ബിസിനസ്സ് സ്റ്റാർട്ട് അപ് സെന്റർ. ബിരുദാനന്തര ബിരുദ പഠനത്തോടൊപ്പം തങ്ങളുടെ ആശയങ്ങളും സേവനങ്ങളും സമൂഹത്തിലേക്ക് എത്തിക്കാൻ ഈ സേവനം സഹായകമാകുന്നു. 2006 മുതൽ തന്നെ ക്യാമ്പസിൽ ഇത്തരം പരീക്ഷണങ്ങൾ ആരംഭിച്ചിരുന്നു. അതിന്റെ ഫലമായി 'സൂര്യ കിരൺ ബയോ ഇൻഫർമാറ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ്' എന്ന സംരംഭം ആരംഭിക്കുകയും ചെയ്തു. ഇതിനെ 2016ൽ കേരള യൂണിവേഴ്സിറ്റി ടെക്നോളജി ആന്റ് ബിസിനസ്സ് സ്റ്റാർട്ട് അപ് സെന്റർ (കെ.യു.ടി.ബി.എസ്.സി) എന്ന് പേരു മാറ്റുകയായിരുന്നു.

കേരള സർവകലാശാലയുടെ ഈ സേവനം എല്ലാ വിദ്യാർഥികൾക്കും ലഭ്യമാകും. സംരംഭത്തിൽ എത്രപേർക്ക് വേണമെങ്കിലും പങ്കാളികളാകാം എന്നാൽ അതിലൊരാൾ നിർബന്ധമായും കാര്യവട്ടം ക്യാമ്പസിലെ വിദ്യാർഥി ആയിരിക്കണം. വിദ്യാർഥികൾ തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭത്തിനെക്കുറിച്ച് എഴുതി തയ്യാറാക്കിയ മാർഗരേഖ വകുപ്പ് തലവനെ കൊണ്ട് സാക്ഷ്യപ്പെടുത്തി, വിദഗ്ദ്ധ കമ്മിറ്റിക്കു മുന്നിൽ അവതരിപ്പിക്കുന്നു. ഇത് അംഗീകരിച്ചാൽ സംരംഭത്തിന് ആവശ്യമായ സ്ഥലവും സൗകര്യങ്ങളും അതത് വകുപ്പുകളിൽ ഒരുക്കുന്നു. പ്രതിമാസം 4000 രൂപ നിരക്കിൽ നാല് കമ്പ്യൂട്ടറുകൾ വരെ അനുവദിക്കുന്നു.

സാങ്കേതിക ആശയങ്ങൾ മാത്രമല്ല എല്ലാ വകുപ്പുകളിൽ നിന്നുള്ള വിദ്യാർഥികൾക്കും ആശയങ്ങൾ അവതരിപ്പിക്കാം. ഈ വർഷാവസാനത്തോടെ കെ.യു.ടി.ബി.സിക്കായി ടെക്നോപാർക്കിനു മുൻവശത്ത് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകും. ഇത് സംരംഭകർക്ക് കൂടുതൽ ഊർജ്ജം നൽകും. വിദ്യാർഥി സംരംഭത്തിന് അംഗീകാരം ലഭ്യമായാൽ അവർ സർവകലാശാലയുമായി കരാർ ഒപ്പിടും ,സംരംഭത്തിന്റെ പ്രവർത്തനങ്ങൾക്ക് സർവകലാശാല ഉത്തരവാദിത്തം ഏറ്റെടുക്കുന്നതല്ല. വിദ്യാഭ്യാസത്തോടൊപ്പം തന്നെ തൊഴിൽ സൃഷ്ടിക്കാനും ഈ പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു. വരും തലമുറക്ക് തങ്ങളുടേതായ വ്യക്തി മുദ്ര പതിപ്പിക്കാൻ അവസരം നൽകുകയാണ് കേരള സർവകലാശാല.

# കളരി

## ഗാന്ധി മുതൽ ഗൗരി വരെ


**അ**നുസരിക്കുക അല്ലെങ്കിൽ കൊല്ലപ്പെടുക. ഫാസിസത്തിന്റെ ഏറ്റവും ലളിതമായ മുദ്രാവാക്യമാണ് അത്. ഗോവിന്ദ് പൻസാരെ, നരേന്ദ്ര ദാബോൽകർ, എം.എം. കൽബുർഗി എന്നീ നിശബ്ദരാക്കപ്പെട്ട എഴുത്തുകാരുടെ പട്ടികയിലെ അവസാനത്തെ കണ്ണിയാണ് ഗൗരി ലങ്കേഷ്.

ഇവരോരോരുത്തരെയും ഇല്ലാതാക്കാൻ ഘാതകർ പ്രയോഗിച്ചത് ഒരേ ശൈലിയാണ്. നിത്യേനയുള്ള അവരുടെ പോക്കുവരവുകൾ നിരീക്ഷിക്കുക. അപ്രതീക്ഷിതമായ നേരത്ത്, ഒറ്റപ്പെട്ടു നിൽക്കുന്ന സമയത്ത്, ഒരു സ്ഥലത്ത് കാത്തുനിന്ന് പോയിന്റ് ബ്ലാങ്കിൽ ആവർത്തിച്ചാവർത്തിച്ച് നിറയൊഴിക്കുക. അവരുടെ വീടുകൾ എവിടെയാണെന്നും അവർ എപ്പോൾ വീട്ടിൽ ഉണ്ടാവുമെന്നും ഏതൊക്കെ സമയത്ത് അവർ പുറത്തിറങ്ങുമെന്നും എപ്പോൾ തിരിച്ചെത്തുമെന്നും വരെ ഘാതകർക്ക് വ്യക്തമായ അറിവുണ്ടായിരുന്നു. തൂലികയല്ലാതെ മറ്റൊരായുധവും അവരുടെ കൈവശമുണ്ടാകില്ലെന്നും അവർ തിരിച്ചാക്രമിക്കാൻ അശക്തരായിരിക്കുമെന്നും അവർക്കറിയാമായിരുന്നു.

ബാംഗ്ലൂരിൽ കേവലം രണ്ട് ലക്ഷത്തോളം മാത്രം പ്രചാരമുള്ള ഒരു പത്രത്തിന്റെ ഉടമയായിരുന്നു ഗൗരി. ഗൗരിയുടെ പിതാവാണ് ‘ലങ്കേഷ് പത്രിക‘ എന്ന പത്രം തുടങ്ങിയത്. അദ്ദേഹത്തിന്റെ മരണശേഷം ഗൗരി അതിന്റെ ചുമതല ഏറ്റെടുക്കുകയും അതിനെ ‘ഗൗരി ലങ്കേഷ് പത്രിക‘ എന്ന് പേരുമാറ്റി പ്രസിദ്ധീകരണം തുടരുകയും ചെയ്തുവരികയായിരുന്നു. ഒരു പരസ്യം പോലുമില്ലാതെയാണ് മരണം വരെ ഗൗരി തന്റെ പത്രം പ്രസിദ്ധീകരിച്ചിരുന്നത് എന്ന വസ്തുത മാധ്യമലോകത്തിനാകമാനം അത്ഭുതമാണ്. വായനക്കാരിൽ നിന്ന് കിട്ടിയിരുന്ന വരിസംഖ്യമാത്രമായിരുന്നു അവരുടെ വരുമാനം. പരസ്യങ്ങൾക്ക് വേണ്ടി ആരുടെ മുന്നിലും കൈനീട്ടാതിരുന്നത് കൊണ്ട് തന്നെയാകണം, എന്തും സ്വതന്ത്ര്യമായി എഴുതാനും ആരെയും വിമർശിക്കാനും അവർക്ക് കഴിഞ്ഞിരുന്നത്. മാധ്യമവിദ്യാർഥികൾ എല്ലായ്പ്പോഴും മനസ്സിൽ കൊണ്ട് നടക്കേണ്ട വലിയൊരു പാഠമാണ് അത്.

ഘാതകരെ സംബന്ധിച്ചിടത്തോളം അവരുടെ ആശയങ്ങളുടെ സുഗമമായ നടത്തിപ്പിനെ അലോസരപ്പെടുത്തിയിരുന്ന ചെറിയൊരു ഘടകം മാത്രമായിരുന്നു ഗൗരിയും പൻസാരെയും ദാബോൽക്കറും. സമൂഹത്തിലെ ബുദ്ധിജീവികളുടെയും വായനാകുതുകികളുടെയും സ്വതന്ത്രമായി ചിന്തിക്കാൻ മനസ്സുള്ളവരുടെയും ഇടയിൽ മാത്രമേ ഇവരുടെ ആശയങ്ങൾക്ക് പ്രചാരം ലഭിച്ചിരുന്നുള്ളൂ. അന്ധവിശ്വാസങ്ങളിലും മൂഢാചരങ്ങളിലും അഭിരമിക്കുകയും നിലവിലുള്ള സാമൂഹികാവസ്ഥകളെ യാതൊരു രീതിയിലും ചോദ്യം ചെയ്യാതിരിക്കുകയും ചെയ്യുന്ന ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കിടയിൽ അവർക്കൊരു അണുവിന്റെ വലിപ്പം പോലും ഉണ്ടായിരുന്നില്ല. അതുകൊണ്ട് തന്നെയാണ് അവർക്ക് അവരെ വളരെ നിസാരമായി ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞതും.

അക്ഷരങ്ങളെയും ആശയങ്ങളെയും ഭയപ്പെടുന്ന ഒരു സാമൂഹികാന്തരീക്ഷത്തിൽ ഒരിക്കലും ജനാധിപത്യത്തിന് അതിന്റെ പൂർണമായ അർഥത്തിൽ നിലനിൽപ്പുണ്ടാവുകയില്ല. സ്വതന്ത്രചിന്തയെയും യുക്തിവാദത്തെയും എതിർ ശബ്ദങ്ങളെയും അക്രമത്തിലൂടെയും ഹിംസയിലൂടെയും അടിച്ചമർത്താനുള്ള നിരന്തരശ്രമങ്ങളാണ് സ്വാതന്ത്ര്യം കിട്ടിയ കാലം മുതൽ നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്. എഴുത്തുകാരും മാധ്യമപ്രവർത്തകരുമാണ് അതിന് കൂടുതൽ ഇരയാകപ്പെടുന്നത് എന്നതാണ് വസ്തുത. നിശബ്ദരാക്കപ്പെട്ട എഴുത്തുകാരുടെ വിഷയത്തിൽ അവരുടെ ഘാതകരെ നമുക്ക് പിടികൂടാനായിട്ടില്ല. അജ്ഞാതർ എന്നോ ആൾക്കൂട്ടം എന്നോ ഒക്കെയുള്ള ലേബലിൽ മാത്രം ഒതുക്കി കേസ് അവസാനിക്കുകയാണ് പതിവ്. ഗൗരി ലങ്കേഷിന് ആ ഗതി ഉണ്ടാകാതിരിക്കട്ടെ.




വര : ഷഹാന റഷീദ്

## അടിതെറ്റാത്ത ചുവടുകൾ; വഴി തെറ്റാത്ത വരികൾ

അശ്വതി നായർ എം.എ.



കളരി

UNIVERSITY OF KERALA

കേരള സർവ്വകലാശാലാ ജേർണ്ണലിസം വിദ്യാർത്ഥികളുടെ പരിശീലന പ്രസിദ്ധീകരണം.

വാല്യം 1 ലക്കം 1 ഏപ്രിൽ 1979

ആഭ്യന്തര വിതരണത്തിനു മാത്രം

വിദ്യാർത്ഥികൾക്ക് രാഷ്ട്രീയം അനുപേക്ഷണീയം : ഇ.എം.എസ്.

കാര്യവട്ടം: ക്യാമ്പസിലെ മാധ്യമപഠനവിഭാഗത്തിലെ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി മാത്രമേ ഡിപ്പാർട്ട്മെന്റ് പ്രസിദ്ധീകരണമായ കളരിയെ കണ്ടിട്ടുള്ളു. എന്നാൽ അതിന്റെ ചരിത്രമോ അതിലെ ലേഖനങ്ങളുടെ എഴുത്തുകാരെയോ കുറിച്ച് ഒരിക്കലും ചിന്തിച്ചിട്ടുണ്ടാവില്ല. അല്ലെങ്കിലും ചരിത്രം ഇപ്പോഴും നമുക്ക് വിരസമാണ്, ഒഴുക്കിന്റെയൊപ്പം നീന്തുകയല്ലാതെ ആ ഒഴുക്കിന്റെ ഉത്ഭവം എന്താണ്, എങ്ങനെയാണെന്ന് ചിന്തിക്കാറേയില്ലല്ലോ.

1979 ലാണ് ആദ്യത്തെ കളരി പ്രസിദ്ധീകരിക്കപ്പെടുന്നത്. കേരള സംസ്കാരത്തെ പ്രതിനിധാനം ചെയ്യുന്നത് കൊണ്ടോ, പത്രപ്രവർത്തനത്തിന്റെ ആദ്യപാഠങ്ങൾ അഭ്യസിച്ചു തെളിയുന്നതിനുള്ള വേദിയായി അതിനെ കണ്ടത് കൊണ്ടോ ആവാം പ്രസിദ്ധീകരണത്തിന് ’കളരി’യെന്ന പേര് ലഭിച്ചത്. പേരിന്റെ ഉത്ഭവത്തെ പറ്റിയുള്ള അജ്ഞതയിലും ഒരു സുഖമുണ്ട്. കളരിയെന്ന ശീർഷകത്തിനു വായനക്കാരന് അവരുടേതായ അർത്ഥം നൽകുകയുമാകാം. മൂന്നര പതിറ്റാണ്ടുകൾക്കിപ്പുറം നമ്മുടെ തലമുറയ്ക്ക് അറിയാൻ സാധിക്കാതെ പോയ ക്യാമ്പസിനെ കളരിയിലെ ലേഖനങ്ങളിലൂടെ അറിയാൻ സാധിക്കുന്നു, ഹൃദ്യമായൊരു അനുഭൂതിയാണത്. ക്യാമ്പസിന്റെ ചരിത്രത്തെ പോലെ പ്രധാനമാണ് നമുക്ക് മുൻപേ നടന്നുപോയവരുടെ സംഭാവനകളും അവരുടെ ചിന്തയും അറിയുകയെന്നത്. അവ പൊടിതട്ടിയെടുക്കുമ്പോൾ ഊഷ്മളമായ എഴുപതുകളുടെ അവസാന കാലത്തെ ക്യാമ്പസ് ജീവിതം കാണാം.

എട്ടു പേജുകളിലായി 20 ഓളം ലേഖനങ്ങൾ ആദ്യ പ്രസിദ്ധീകരണത്തിൽ തന്നെ ഉൾപ്പെടുത്താൻ സാധിച്ചുയെന്നത് ഡിപ്പാർട്ട്മെന്റിന്റെയും വിദ്യാർത്ഥികളുടെയും വിജയം തന്നെയായിരുന്നു. എം. തങ്കദുരെ ചീഫ് എഡിറ്ററും, എം. വി തോമസ്, എം. വിജയകുമാർ, എം. ഹരികുമാർ, എൻ. മോഹനൻ, ജി. ഗോപാലകൃഷ്ണൻ, വി. എസ് ശശിഭൂഷൻ, ജേക്കബ് കെ.ഈഴപ്പൻ തുടങ്ങിയവർ എഡിറ്റോറിയൽ അംഗങ്ങളായിരുന്നു. ഇന്ന് പത്രദൃശ്യ മേഖലകളിൽ തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ച പല വ്യക്തിത്വങ്ങളും തങ്ങളുടെ ആദ്യകാല ലേഖനങ്ങൾ എഴുതി തുടങ്ങിയത് കളരിയിലൂടെയാണ്.

ശ്രീ.ഇ .എം .എസ് നമ്പൂതിരിപ്പാട് ആയിരുന്നു ആദ്യ കളരിയുടെ പ്രധാന വാർത്തയുടെ വിഷയം. ’വിദ്യാർത്ഥികൾക്ക് രാഷ്ട്രീയം അനുപേക്ഷണീയം’ എന്ന് അന്നത്തെ മാർക്സിസ്റ് പാർട്ടി ജനറൽ സെക്രട്ടറിയായിരുന്ന അദ്ദേഹത്തിന്റെ പ്രസ്താവനയായിരുന്നു ആ വാർത്ത. ഈ പ്രസ്താവന വർഷങ്ങൾക്കിപ്പുറവും പ്രസക്തമാകുന്നതു കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ അവസ്ഥയിൽ ഇന്നും മാറ്റം സംഭവിച്ചിട്ടില്ലാത്തതു കൊണ്ടാവാം. കേരള യൂണിവേഴ്സിറ്റി യൂണിയൻ ഉദ്ഘാടനം ചെയ്തു സെനറ്റ് ഹാളിൽ സംസാരിക്കുമ്പോഴാണ് അദ്ദേഹം ഇങ്ങനെയൊരു അഭിപ്രായം വിദ്യാർത്ഥികളുമായി പങ്കുവച്ചത്. അന്ന് ജേർണലിസം വിദ്യാർത്ഥിയും ഇന്നത്തെ മുതിർന്ന മാധ്യമ പ്രവർത്തകനുമായ ജേക്കബ് ജോർജ് ആണ് ലേഖകൻ.

കാര്യവട്ടം ക്യാമ്പസിലെ എക്കാലത്തെയും സ്ഥിരം അന്തേവാസികളായ പ്രാവുകൾക്കും ആദ്യ എഡിഷനിൽ സ്ഥാനം നൽകിയിരുന്നു. എം. ഹരികുമാർ എഴുതിയ ’നീലാകാശത്തിലെ ധനുസ്സുകൾ’ എന്ന തലകെട്ടിൽ പിറന്ന ലേഖനം പ്രാവുകൾ ക്യാമ്പസ്സിന് എത്ര തന്നെ വേണ്ടപ്പെട്ടവരാണെന്ന് കാണിച്ചു തരുന്നു. മാത്രമല്ല ഇന്നും ക്യാമ്പസിന്റെ അഭിമാനമായി നിലകൊള്ളുന്ന ഹസ്തലിഖിത ഗ്രന്ഥശാലയുടെ ചരിത്രവും വിശദാശങ്ങളും എം. വി.തോമസ് ‘പുരാതനസാഹിത്യത്തിന് ഒരു ഗവേഷണകേന്ദ്രം’ എന്ന ലേഖനത്തിൽ പ്രതിപാദിക്കുന്നു. കൂടാതെ വിവിധ ഡിപ്പാർട്ട്മെന്റുകൾ പുറത്തിറക്കുന്ന ക്യാമ്പസ് പ്രസിദ്ധീകരണങ്ങളെ വിദ്യാർത്ഥികൾക്ക് പരിചയപെടുത്തുന്നതിനായി ‘ക്യാമ്പസ് പ്രസിദ്ധീകരണങ്ങൾ ’എന്ന ലേഖനവും അദ്ദേഹം എഴുതി. ഡിപ്പാർട്ട്മെന്റ്സ് യൂണിയൻ സംഘടിപ്പിച്ച ’ചൊൽക്കാഴ്ച ’എന്ന പരിപാടിയെ കേന്ദ്രീകരിച്ചു ജേക്കബ്. കെ.ഈപ്പൻ എഴുതിയ, ’പുതുമയുടെ പേരിൽ ’, വ്യത്യസ്തത പുലർത്തിയിരുന്നു. പുതുമ നിറഞ്ഞ പരിപാടികളുണ്ടെന്നു അവകാശപെട്ടുകൊണ്ട് വിദ്യാർത്ഥികളെ വിളിച്ചുകൂട്ടിയതിനെതിരെയുള്ള ആക്ഷേപവും ഈ ലേഖനത്തിൽ പ്രതിപാദിച്ചിരുന്നു.

ബാലവേല, പോഷകാഹാരക്കുറവു മൂലമുണ്ടാകുന്ന ശിശുമരണം തുടങ്ങിയവ പ്രതിപാദിക്കുന്ന ’ആഘോഷങ്ങൾ അവരെ തുണക്കുമോ?’ എന്ന ജേക്കബ് ജോർജ്ജിന്റെ ലേഖനം വിഷയത്തിന്റെ ആഴം കൊണ്ട് എന്നും പ്രസക്തമാകുന്നു. വർഷങ്ങൾ പിന്നിട്ടിട്ടും ഭാരതത്തിന്റെ വിശക്കുന്ന കുഞ്ഞുവയറുകൾക്ക് പോലും ഭക്ഷണം നൽകാൻ സാധ്യമല്ലാതെ പോകുന്നത് ഒരു രാജ്യത്തിന്റെ തന്നെ അധഃപതനത്തെയാണ് സൂചിപ്പിക്കുന്നത്. അങ്ങനെയല്ലെങ്കിൽ 1979 ൽ എഴുതിയ ലേഖനം ഉയർത്തുന്ന ചോദ്യങ്ങളും വ്യാകുലതയും എങ്ങനെയാണ് ഇന്നും പ്രസക്തമാകുന്നത്?

കെ സുഭാഷ് എഴുതിയ, ’മണ്ണിന്റെ മാറിലമർന്ന രണ്ടു പ്രതിഭകൾ’എന്ന ലേഖനം മലയാള സിനിമ നാടക മേഖലക്ക് പകരം വയ്ക്കാൻ സാധിക്കാത്ത രാമു കാര്യാട്ട് , പി .ജെ. ആന്റണി എന്നീ പ്രതിഭകളുടെ ജീവിതത്തിലൂടെയൊന്ന് കണ്ണോടിക്കുന്നു. കൂടാതെ ജി .സുഭാഷ് എഴുതിയ ’ഗൾഫ് മണിയുടെ വിളയാട്ടം ’ എന്ന ലേഖനം ആശയം കൊണ്ടും അവതരണം കൊണ്ടും വ്യത്യസ്തമായി. കേരളത്തിൽ ടെലിവിഷൻ സെന്ററുകൾ സ്ഥാപിക്കുന്നതോടെ തൊഴിൽ രംഗത്തുണ്ടാകാൻ സാധ്യതയുള്ള മാറ്റങ്ങളെ വിവരിക്കുന്ന ‘ടെലിവിഷൻ തൊഴിൽ സാധ്യത വർധിപ്പിക്കും ’ എന്ന എൻ.മോഹനൻ എഴുതിയ ലേഖനം, ടെലിവിഷൻ ന്യൂസിന്റെ ആദിപത്യമുള്ള കാലത്തു കൗതുകമുണർത്തുന്ന ലേഖനമാണ്.

ഈ ലേഖനങ്ങളിലൂടെ കടന്നു പോകുമ്പോൾ മൂന്നര പതിറ്റാണ്ടുകൾക്ക് മുൻപുള്ള ക്യാമ്പസിനെയും വിദ്യാർത്ഥി ജീവിതത്തെയും നമുക്ക് അടുത്തറിയാൻ സാധിക്കുന്നു. ചില ലേഖനങ്ങളിൽ പ്രതിപാദിക്കുന്ന സാമൂഹിക രാഷ്ട്രീയാവസ്ഥ ഇന്നും മാറാതെ നിൽക്കുന്നതിൽ വായനക്കാരന് വ്യാകുലത അനുഭവപ്പെട്ടാൽ അത്ഭുതപ്പെടാനുമില്ല.

| | |
|---|---|
| ചീഫ് എഡിറ്റർ | : ഡോ. എം എസ് ഹരികുമാർ |
| ഫാകൽറ്റി എഡിറ്റർ | : ഡോ. ലാൽമോഹൻ പി |
| സ്റ്റുഡന്റ് എഡിറ്റേഴ്സ് | : തസ്നീം മുഹമ്മദ് എം എസ്, ആസിഫ് അബ്ദുൽ കലാം, അശ്വതിനായർ എം എ, വീണാ വിജയൻ, അഖില എ എൽ, അനന്ദു ആർ നായർ |
| എഡിറ്റോറിയൽ അസിസ്റ്റന്റ് | : സിനില ഡി. ബി.എസ് |
| ലേയൌട്ട് ആൻഡ് ഡിസൈൻ | : ആസിഫ് അബ്ദുൽ കലാം, അശ്വതി നായർ എം എ |

www. dcjku.in||uniqvoice.blogspot.in||dcjkerala@gmail.com

# വരുന്നോ....ഒരു 'ലൈറ്റ്' മെട്രോ

## വരുമെന്ന് കരുതുന്ന ലൈറ്റ് മെട്രോയിലൂടെ ഒരു സ്വപ്ന സഞ്ചാരം




കേരള റാപിഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ തയ്യാറാക്കിയ ലൈറ്റ് മെട്രോയുടെ സാങ്കല്പിക ചിത്രം.

**അഖില എ.എൽ.**

കാര്യവട്ടം: അഞ്ചു മിനിട്ട് വൈകി ഇറങ്ങുമ്പോൾ മനസ്സിൽ ഓർക്കാറുണ്ട് , 'ഇന്ന് വണ്ടി പത്തു മിനിട്ട് വൈകാൻ..അതിൽ എങ്ങനെ എങ്കിലും ഒന്നു കയറിപ്പറ്റാൻ സാധിക്കണേ!'. ഒരിക്കലും ലേറ്റ് അല്ലാത്ത ലൈറ്റ് മെട്രോയുടെ യാത്രക്കാരായ തിരുവനന്തപുരത്തുകാർക്ക് ഈ വിചാരം വിഫലമാണ്.

9.20, അതാണ് സമയം. തമ്പാനൂരിൽ നിന്ന് കഴക്കൂട്ടം ടെക്നോസിറ്റിയിലേക്ക് തിരിക്കുന്ന തിരുവനന്തപുരം ലൈറ്റ് മെട്രോയിൽ തിരക്കുണ്ട്. ടെക്നോപാർക്കിലേക്കുള്ള ടെക്കീസ്, വിവിധ കാര്യാലയങ്ങളിലേക്കുള്ള ഉദ്യോഗസ്ഥർ, കാര്യവട്ടം ഉൾപ്പെടെയുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് പോകുന്ന അധ്യാപകരും വിദ്യാർത്ഥികളും. സാധാരണ ട്രാൻസ്പോർട്ട് ബസുകളിലേക്ക് കയറുന്ന പോലുള്ള ഉന്തും തള്ളും ഒന്നും മെട്രോയിൽ ഇല്ല. ലൈറ്റ് മെട്രോയിൽ യാത്രക്കാരുടെ മുഖത്തും പെരുമാറ്റത്തിലും അച്ചടക്കവും ബഹുമാനവും ആരാധനയും മാത്രം. നീണ്ട കാത്തിരിപ്പിനൊടുവിൽ കിട്ടിയതാണ് ഈ യാത്രാനുഭവം! ലൈറ്റ് മെട്രോ വരുന്നത് വരെ മേൽപ്പറഞ്ഞ പെരുമാറ്റ പുരസ്കാരങ്ങളെല്ലാം ലഭിച്ചിരുന്നത് കെ.എസ്.ആർ.ടി. സിയുടെ എ.സി.വോൾവോയ്ക്കായിരുന്നു. ആ പരാജയത്തിന്റെ ആഘാതം കെ.എസ്.ആർ.ടി.സിയ്ക്ക് താങ്ങാനാവുന്നതിലും അപ്പുറമാകണം.

ബഹുമാനവും അഭിമാനവും മിന്നിമായുന്ന മുഖത്തോടെ മെട്രോ സീറ്റുകളിലേക്ക് യാത്രക്കാർ ഇരിപ്പുറപ്പിച്ചു. ശേഷം മിക്കവരും അവരവരുടെ 'യാത്രാപണിയായുധങ്ങൾ' ഒന്നൊന്നായി ബാഗുകളിൽ നിന്ന് പുറത്തെടുത്തു: ഹെഡ്സെറ്റുകൾ, മൊബൈൽ ഫോണുകൾ, ടാബുകൾ മുതലായവ. ചിലർ അവരുടെ യാത്രകൾ ആരും കാണാനില്ലാത്ത ഫെയ്സ്ബുക് ലൈവുകൾ ആക്കിയപ്പോൾ മറ്റു ചിലർ സെൽഫിയെടുത്ത് വാട്സ് ആപ്പ് സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്തു കൊണ്ടിരുന്നു. ഏറെ നാൾ സർവകലാശാല ബസിലെ ജനൽ കാഴ്ചകൾ ആസ്വദിച്ചു യാത്ര ചെയ്ത എനിക്ക് നഗരത്തിലെ മെട്രോ യാത്ര സമ്മാനിക്കാൻ പോകുന്ന കാഴ്ചകളെക്കാൾ ഉപരി, കാഴ്ചപ്പാടുകൾ വ്യത്യസ്തമാകുമെന്ന് ഉറപ്പായിരുന്നു.

തമ്പാനൂരിൽ നിന്ന് തിരിക്കുമ്പോൾ 'പണിതിട്ടും പണിതിട്ടും പണിതീരാത്തൊരു പ്രപഞ്ച മന്ദിരമേ..' എന്ന വരിയെ അന്വർഥമാക്കികൊണ്ട് നിലകൊള്ളുന്ന കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിന് ലൈറ്റ് മെട്രോയോട് ഒരല്പം അസൂയയുണ്ടെന്ന് തോന്നിപ്പോകും.

മെട്രോ ലൈറ്റ് ആണെങ്കിലും വേഗത്തിന്റെ കാര്യത്തിൽ ഒട്ടും ലൈറ്റല്ല. ദേ എത്തി പാളയം.. യാത്ര നീളുന്നത് പട്ടത്തേക്കും പിന്നീട് കേശവദാസപുരത്തേക്കുമാണ്. യുവത്വത്തിന്റെ മാറുന്ന അഭിരുചികൾക്കനുസരിച്ചുള്ള 'ബ്രാൻഡഡ്' ബഹുനില കെട്ടിടങ്ങളുടെ നഗരത്തിലെ പ്രധാന കേന്ദ്രങ്ങൾ. എന്തായാലും സർക്കാർ സമ്മാനിച്ച മെട്രോയിലിരുന്ന് അഭിമാനം കൊള്ളുന്ന സാധാരണക്കാരുടെ കണ്ണിലൂടെ നോക്കുമ്പോൾ അവയുടെ പൊക്കം ഒരല്പം കുറഞ്ഞിട്ടുണ്ട്. മൂന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന പട്ടത്തു കൂടി മെട്രോ നീങ്ങുമ്പോൾ അടക്കാനാവാത്ത ആകാംശയും ആവേശവും നിറഞ്ഞ അനവധി കണ്ണുകൾ മെട്രോയെ കാത്തിരിപ്പുണ്ടായിരുന്നു. ആ സ്കൂൾ കവാടങ്ങൾക്ക് മുന്നിലൂടെ ലൈറ്റ് മെട്രോ പായുമ്പോൾ ആ മുഖങ്ങളിൽ കുട്ടിക്കാലത്ത് മാനത്തിൽ പറക്കുന്ന വിമാനം കാണുമ്പോഴുണ്ടായിരുന്ന അതേ അത്ഭുതമാണ്. പുറത്തു നിന്ന് കൈ വീശുന്ന അവരെ കണ്ട് ചില യാത്രക്കാരും ആവേശം കൊണ്ടു.

ഇനി ഉള്ളൂരിലേക്കും അതു വഴി ശ്രീകാര്യത്തേക്കും. സ്ഥലപ്പേരുകൾ ഓർക്കുമ്പോൾ തന്നെ അയവിറക്കാനായി ഒരുപാട് നാൾ മണിക്കൂറുകളോളം ഗതാഗതകുരുക്കിൽ പെട്ടു കിടന്ന ഓർമകളുണ്ട്. എല്ലാം ഒന്നിച്ച് ഓർത്തെടുക്കാനാണെങ്കിൽ ഒരു യാത്ര മതിയാകുമെന്ന് തോന്നുന്നില്ല. ഇതിനൊന്നും സമയം തരാതെ ലൈറ്റ് മെട്രോ ഇങ്ങനെ ചീറി പായുകയാണ്. സ്ഥിരമായി മണിക്കൂറുകളോളം കണ്ടിരുന്ന മുഖങ്ങൾ ഒരു മിന്നായം പോലെ മാത്രം കാണാൻ കഴിയുന്നതിൽ ഈ വഴിയോരങ്ങൾക്ക് ഏറെ പരിഭവമുണ്ടെന്നത് ഉറപ്പ്.

ഇനി അധികം സമയമില്ല. മെട്രോയ്ക്കുള്ളിലെ അധ്യാപക വിദ്യാർത്ഥി സമൂഹം ഒന്നടങ്കം ജാഗരൂകരായി. കാര്യവട്ടം ഇങ്ങെത്തിപ്പോയി. ഹെഡ്സെറ്റുകളും സെൽഫിസ്റ്റിക്കുകളും ടാബും മറ്റും ബാഗിനുള്ളിലാക്കണം. ലൈറ്റ് മെട്രോയുടെ വേഗത കല്പിക്കാനില്ലാത്ത ദിവസത്തിലേക്ക് കടക്കുന്ന അസ്വസ്ഥത അവരുടെ മുഖങ്ങളിൽ പ്രകടമായിരുന്നു.

ആദ്യ മണിക്കൂർ ക്ലാസ്സിൽ കയറാതിരിക്കുമ്പോൾ, പ്രത്യക്ഷത്തിലില്ലാത്ത ഏതു ഗതാഗത കുരുക്കിന്റെ തലയിൽ സ്വന്തം അലസത അടിച്ചേൽപ്പിക്കും എന്ന ആശങ്ക നിഴലിക്കുന്നുണ്ട്! അവസാന സ്റ്റോപ്പായ കഴക്കൂട്ടം ടെക്നോസിറ്റിയിലേക്ക് പോകാനൊരുങ്ങുമ്പോൾ ഒരു നിമിഷം ബഹുമാനവും ആദരവും നിറയുന്നത് ലൈറ്റ് മെട്രോയ്ക്ക് കേരള സർവകലാശാലയോടാണെന്ന് തോന്നിപ്പോകും. വരാനിരിക്കുന്ന തലമുറയുടെ ഏത് ആശയത്തിനും സാങ്കേതിക വിദ്യയ്ക്കും ഈ കവാടത്തിനു മുന്നിൽ തലകുനിക്കാതെ പോകാനാവില്ലെന്നത് ഉറപ്പാണല്ലോ.

# മനസ്സ് കീഴടക്കിയ ഒരു കള്ളന്റെ കഥ

**അക്ഷയ് കുമാർ വി.യു.**



മഹേഷിന്റെ പ്രതികാരമെന്ന ആദ്യ സിനിമയിലൂടെ തന്നെ മലയാളികളുടെ പ്രിയങ്കരനായി മാറി സംവിധായകൻ ദിലീഷ് പോത്തൻ. 'പോത്തേട്ടൻസ് ബ്രില്ലിയൻസ് ' എന്നൊരു പുതിയ പ്രയോഗം തന്നെ മലയാളികൾ അദ്ദേഹത്തിന്റെ സിനിമയ്ക്കു സമ്മാനിച്ചു. അതി സാധാരണമായ സംഭവങ്ങൾ അസാധാരണമായ മികവോടെ സിനിമയിൽ ഒതുക്കി പറയുവാനുള്ള കഴിവിനെ ബ്രില്ലിയൻസ് എന്നല്ലാതെ മറ്റെന്താണ് വിളിക്കുക !

സിനിമ, സംവിധായകന്റെ കലയാണെന്നുള്ള ആശയം അക്ഷരാർഥത്തിൽ ശരിവയ്ക്കുകയാണ് പോത്തന്റെ രണ്ടാമത്തെ ചിത്രവും. തന്റെ അഭിപ്രായങ്ങൾ തുറന്നുപറയാനുള്ള മാധ്യമമാണ് അദ്ദേഹത്തിന് സിനിമ. 'തൊണ്ടിമുതലും ദൃക്സാക്ഷിയും ' എന്ന ചിത്രത്തിലൂടെ ചർച്ചചെയ്യുന്നത് കേരളത്തിന്റെ സാംസ്കാരിക രാഷ്ട്രീയ ജാതി മത പൊതുബോധങ്ങളെയാണ്. കലാപരമായി മുന്നിട്ടുനിൽകുന്ന ഈ സിനിമയ്ക്ക് ലഭിച്ച ജനശ്രദ്ധ വാണിജ്യപരമായും മുതൽക്കൂട്ടായി.

ആദ്യ സിനിമയിൽ 'ചെരുപ്പ് ' ഒരു കഥാപാത്രത്തോളം ശക്തമായ പ്രമേയമായപ്പോൾ ഈ ചിത്രത്തിൽ നായികയുടെ കളവുപോയ മാലയെ ചുറ്റിപ്പറ്റിയാണ് കഥ വികസിക്കുന്നത്.

പൊള്ളിക്കുന്ന ജീവിതാനുഭവങ്ങളെ കോറിയിടാൻ ചിത്രത്തിന് സാധിക്കുന്നു. മനുഷ്യന്റെ അഭിമാനമെന്നത് മറ്റെന്തിനേക്കാളും വലുതാണെന്ന് മിക്ക കഥാപാത്രങ്ങളും ഓർമപ്പെടുത്തുന്നുണ്ട്.

വിശപ്പിന്റെ രാഷ്ട്രീയം പറയാൻ മുഴുനീള സിനിമ എടുക്കുന്നവർക്കുമുന്നിൽ 'ഈ പ്രായത്തിലൊക്കെ നല്ല വിശപ്പാ സാറെ !'

എന്നൊരൊറ്റ ഡയലോഗ് മാത്രമേ സംവിധായകന് വേണ്ടിവന്നുള്ളൂ.

# താളിയോലകൾ; അറിവിന്റെ അമൂല്യമായ കരുതലുകൾ

**അനന്ദു ആർ നായർ**

ഭാരതീയ പാരമ്പര്യത്തെയും പൈതൃകത്തെയും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ 1903ൽ തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലം തിരുന്നാൾ അന്നത്തെ സംസ്കൃത കോളേജ് പ്രധാനാദ്ധ്യാപകൻ ഡോക്ടർ ടി ഗണപതിശാസ്ത്രിയെ സമീപിച്ചു. തുടർന്ന് അമൂല്യവും അത്യപൂർവവുമായ കൈയെഴുത്ത് ഗ്രന്ഥങ്ങളും താളിയോലകളുമൊക്കെ ഗണപതിശാസ്ത്രി സമാഹരിക്കുകയും ചെയ്തു. ഇവ നാശോന്മുകമാകാതെ നിലനിർത്തുന്നതിനായി സംസ്കൃത മലയാള സംരക്ഷണകാര്യാലയങ്ങൾ ആരംഭിച്ചു. മുൻകേന്ദ്ര മന്ത്രിയായിരുന്ന ഡോക്ടർ കരൺ സിംഗിന്റെ ശ്രമഫലമായാണ് മാനുസ്ക്രിപ്റ്റ് ലൈബ്രറി സർവകലാശാലക്കുള്ളിൽ സ്ഥിതിചെയ്യുന്ന കെട്ടിടത്തിലേക്ക് മാറിയത്.

വട്ടെഴുത്ത്, കോലെഴുത്ത്, മലയാണ്മ, ദേവനാഗരി, ഗ്രന്ഥ എന്നിങ്ങനെ വിവിധ ലിപികളിലുള്ള അപൂർവ ശേഖരമാണ് ഇവിടെയുള്ളത്. ശിവലിംഗ ശാസനം, ചിത്ര രാമായണ, ആശ്വലക്ഷണ, യോഗ വസിഷ്ട്ടം, പഞ്ചാംഗം, സ്വാതി തിരുനാളിന്റെ അപൂർവ സംഗീത ശേഖരം, ഉള്ളൂർ എസ് പരമേശ്വര അയ്യർ, കുട്ടികൃഷ്ണ മാരാർ, കേരള വർമ വലിയ കോയി തമ്പുരാൻ എന്നിവരുടെ കൃതികളുടെ കൈയെഴുത്തുപ്രതി തുടങ്ങിയവയെല്ലാം ലൈബ്രേറിയിൽ സുരക്ഷിതമായി സൂക്ഷിച്ചിരിക്കുന്നു.

കാര്യവട്ടം: കാര്യത്തിന്റെയും കഥയുടെയും ലഭ്യമായ തുടക്കമാണ് മാനുസ്ക്രിപ്റ്റ് ലൈബ്രറിയുടെ അനന്യത. കേരള സർവകലാശാല കാമ്പസ്സിന്റെ ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനോടൊപ്പമുള്ള മാനുസ്ക്രിപ്റ്റ് ലൈബ്രറിയ്ക്ക് പറയുവാനേറെയുണ്ട്. ലോക നിലവാരത്തിൽ അംഗീകരിക്കപ്പെട്ട റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനോടൊപ്പമുള്ള മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ എഴുപതിനായിരത്തോളം കൈയെഴുത്ത് ഗ്രന്ഥങ്ങളാണുള്ളത്. അതിൽ പലതും നൂറ്റാണ്ടുകൾ പഴക്കമുള്ളവയാണ്. രാജ്യത്തിലെ തന്നെ ഏറ്റവും വലിയ മാനുസ്ക്രിപ്റ്റ് ലൈബ്രറിയാണ് ഇവിടുത്തേത്.

തിരുവിതാംകൂറിൽ വ്യാപിച്ചു കിടന്ന താളിയോലകളും മറ്റനേകം കൈയെഴുത്ത് ഗ്രന്ഥങ്ങളും സമാഹരിച്ച് സൂക്ഷിയ്ക്കാൻ ഒരു കേന്ദ്രമെന്ന നിലയ്ക്കാണ് ലൈബ്രറി ആരംഭിച്ചത്. വൈദ്യരംഗത്തും ശാസ്ത്ര രംഗത്തും പുരോഗമനത്തിനുപ്പോലും സഹായകമാകുന്ന പല ഭാഷകളിലുള്ള ഗ്രന്ഥങ്ങൾ ഇവിടെയുണ്ട്. പ്രൗഡിയും തനിമയും നഷ്ടപ്പെടാതെ 30000 കോപ്പികളിലധികം താളിയോല ഗ്രന്ഥങ്ങൾ ഇവിടെ സൂക്ഷിച്ചിട്ടുണ്ട്. ഇംഗ്ലീഷ്, ബർമ്മീസ്, ഇന്തോനേഷ്യൻ, മലയാളം,തമിഴ്, കന്നഡ,ആസാമീസ്, ഒറിയ,ഗുജറാത്തി, മറാത്തി, സംസ്കൃതം തുടങ്ങി വിവിധ ഭാഷകളിലുള്ള ഗ്രന്ഥങ്ങളുണ്ട്. ശേഖരണത്തിൽ 80 ശതമാനത്തിലധികവും സംസ്കൃത ഭാഷയിലുള്ളതാണ്. അക്ഷരങ്ങളുടെ വ്യക്തത നഷ്ടപ്പെടാതിരിക്കുവാൻ ഗ്രന്ഥങ്ങളിൽ ' കാർബൺ' ഉപയോഗിച്ചിരിക്കുന്നു. ഒരോ ഗ്രന്ഥങ്ങളും മറിച്ചു നോക്കുമ്പോൾ അതിൽ എഴുതപ്പെട്ട ചരിത്ര സംഭവങ്ങളുടെയും മനുഷ്യ പ്രയത്നത്തിന്റെയും പ്രതിഫലനങ്ങളാണ് കാണാൻ സാധിക്കുക. എല്ലാ വർഷവും ഡിസംബർ 20 മുതൽ ഫെബ്രുവരി 20 വരെ എക്സിബിഷൻ തലത്തിൽ പഴമയുടെ ഈ കലവറ പൊതു ജനങ്ങൾക്കായി തുറന്നുകൊടുക്കാറുണ്ട്.




# പരമാനന്ദത്തിനായുള്ള വിശുദ്ധ ശുശ്രൂഷ

**പാർവതി ആർ.എസ്.നായർ.**

'He did not acknowledge newton ofcourse, because in the prevailing climate the officially sanctioned position was that ancient Hindus had invented all science'

നിലനിൽക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങളോടുള്ള വെല്ലുവിളിയാണ് അരുന്ധതി റോയിയുടെ 'മിനിസ്ട്രി ഓഫ് അറ്റ്മോസ്റ്റ് ഹാപ്പിനസ്'. ദൃഢസ്വരത്തിൽ എഴുത്തുകാരി അനീതിക്കെതിരെ ഉയർത്തുന്ന ശബ്ദമാണ് ഓരോ താളുകളിലും കേൾക്കുന്നത്. പുകമറയ്ക്കുള്ളിലിരുന്ന് കഥകൾ പറഞ്ഞു തരുന്ന എഴുത്തുകാരിൽ നിന്നും അരുന്ധതി റോയിയെ വ്യത്യസ്തയാക്കുന്നതും ഇത് തന്നെ. ആത്മധൈര്യത്തിന്റെ ആവിഷ്ക്കാരമാണ് ഈ നോവൽ. എഴുത്തുകാരി ആരുടെ പക്ഷം ചേർന്നാണ് സംസാരിക്കുന്നതെന്ന് വ്യക്തം. ബുക്കർ പ്രൈസ് ഉയർത്തിയ വെല്ലുവിളിയെ നേരിടാൻ ഉതകുന്നതാണ് 'മിനിസ്ട്രി ഓഫ് അറ്റ്മോസ്റ്റ് ഹാപ്പിനസ്'. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനതയുടെ ശബ്ദമായി മാറിയിരിക്കുകയാണ് റോയിയുടെ ഈ നോവൽ.

ഒരുപാട് കഥാപാത്രങ്ങൾ ഉണ്ട് ഈ നോവലിൽ. കഥയുടെയും കഥാപാത്രങ്ങളുടെയും വാഗ്മയ ചിത്രം ഏറെ പ്രശംസനീയമാണ്. ഇന്ത്യയിലെ അടിച്ചമർത്തപ്പെട്ട പത്ത് ജനവിഭാഗങ്ങളെ എടുത്താൽ, അതിലെ ഒരോ പ്രതിനിധികൾ ഈ നോവലിലുണ്ട്. 'അഞ്ജും' ഒരു ഹിജഡയാണ്. ആമുഖം ഒന്നും ഇല്ലാതെ രണ്ടു കഥാപാത്രങ്ങൾ സമ്മേളിക്കുന്ന ഒരിടത്തിലേക്ക് നമ്മെ കൂട്ടികൊണ്ടു പോകുന്നു. അവിടെ മുതൽ ചിലപ്പോൾ പുറത്തു നിന്ന് കാണുന്ന കാഴ്ചക്കാരനായോ കഥാപാത്രം തന്നെയായോ വായനക്കാരൻ മാറുന്നു.






അരുന്ധതി റായ്യു

താൻ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്ഥയാണ് എന്ന് തിരിച്ചറിയുന്ന അഞ്ജും വീട് വിട്ടിറങ്ങുന്നു. 'കാവാബ്' (Khwabgah) ഹിജഡകളുടെ വീടാണ്. അവിടെ കുറച്ച് വർഷങ്ങൾ താമസിക്കുന്ന അഞ്ജും, അവിടം ഉപേക്ഷിച്ച് പുറത്ത് കടക്കുന്നു. ഒരു ശവപ്പറമ്പ് തന്റെ സ്വൈര്യവിഹാര കേന്ദ്രമാക്കി മാറ്റുന്ന അഞ്ജുമും, എല്ലാത്തിനും ദൃക്സാക്ഷിയായി, എല്ലാത്തിനെയും ഉൾക്കൊള്ളുന്ന ഒരു മരത്തോട് താദാത്മ്യം പ്രാപിക്കുന്നു. തിലോത്തമ മറ്റൊരു പ്രധാന കഥാപാത്രമാണ്. ഒരു ആർക്കിട്ടെക്റ്റും ആക്റ്റിവിസ്റ്റുമായ തിലോത്തമ അരുന്ധതി റോയി തന്നെയല്ലേ എന്ന് വായനക്കാർക്ക് സംശയം തോന്നും. റോയി കാശ്മീർ വിഷയത്തിൽ എടുക്കുന്ന അതേ നിലപാടുകൾ തിലോത്തമ നമുക്ക് കൂടുതൽ വ്യക്തമാക്കി തരുന്നു.

ക്രമാനുസൃതമായി അടുക്കി വെച്ചിരിക്കുന്ന കഥാസന്ദർഭങ്ങൾ നോവലിൽ കാണാൻ സാധിക്കില്ല. അങ്ങിങ്ങായി തടഞ്ഞുവെച്ച് ഒഴുക്ക് നഷ്ടപ്പെട്ടതു പോലെ തോന്നുമെങ്കിലും ഒരോ ഭാഗത്തിന്റെയും അവസാന ഭാഗത്തോട് അടുക്കുമ്പോൾ കഥാസന്ദർഭങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതായി മനസ്സിലാകും. ഒരു പ്രത്യേക വിഷയത്തെക്കുറിച്ച് സംസാരിക്കാൻ ഒരു കഥാപാത്രം എത്തുന്നു. ഇന്ത്യയിൽ ഇപ്പോൾ നിലനിൽക്കുന്ന ഏറ്റവും നിഷ്ഠൂരമായ അടിച്ചമർത്തലിന്റെ വിശദാംശങ്ങൾ പറയും. ബീഫ് വിഷയം, ട്രാൻസ്ജന്റേഴ്സ് നേരിടുന്ന പ്രശ്നങ്ങൾ,
കാശ്മീർ വിഷയം, നർമ്മദയിലെ ഡാം, ഗുജറാത്ത് കലാപം അങ്ങനെ പോകുന്നു വിഷയങ്ങൾ. കാശ്മീരിലെ ജനതയെപ്പറ്റി പറഞ്ഞിരിക്കുന്ന ഭാഗം ഇത് വ്യക്തമാക്കുന്നതാണ്.

'Their problem is not confusion,not really. Its more like a terrible clartiy that exisis outside, the language of modern geopolitics. All the protogonists on all sides of the conflict,especially us,exploited this false line,mercilessly. It made a perfect war, a war that can never be won or loss a war without end.'

# ഉണരുമീ ഗാനം...


മിഥുല ശർമ എൻ

‘ഓർമ്മയുടെ വീഥികളിലെവിടെയോ നഷ്ടമായൊരു സംഗീത സ്വപ്നത്തിന് ...’ മൂന്നു പതിറ്റാണ്ടുകൾക്കുമുമ്പ് കേരള സർവ്വകലാശാല ജേർണലിസം വകുപ്പിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥി തന്റെ ഗവേഷണ പ്രബന്ധത്തിന്റെ പുറംചട്ടയിൽ ഇങ്ങനെ രേഖപ്പെടുത്തി. പാതിവഴിയിൽ എവിടെയോ നഷ്ടമായ സംഗീത സ്വപ്നങ്ങളെ വീണ്ടെടുക്കാൻ അദ്ദേഹത്തിന് അധികനാൾ വേണ്ടി വന്നില്ല. അത്ര വേഗത്തിൽ മലയാളിയുടെ പ്രണയവും വിരഹവും നൊമ്പരങ്ങളും, എന്തിനേറെ താരാട്ടു പോലും ആ വേണുനാദത്തിൽ അലിഞ്ഞു ചേർന്നു.

1986ൽ ജി.വേണുഗോപാൽ സമർപ്പിച്ച ഗവേഷണ പ്രബന്ധത്തിന്റെ ഉള്ളടക്കം സംഗീതാസ്പദമായതിൽ അത്ഭുതമില്ല. ആയിരക്കണക്കിന് സംഗീതാസ്വാദകരുടെ ഹൃദയത്തിന്റെ ചന്ദനമണിവാതിൽ തുറന്നെത്തുന്ന ഗായകന്റെ ഗവേഷണ വിഷയം ‘ ചലച്ചിത്രഗാനങ്ങൾക്ക് ടെലിവിഷനിലൂടെ കേൾക്കുന്നതിനാണോ കൂടുതൽ സ്വീകാര്യത‘ എന്നതായിരുന്നു. ടെലിവിഷൻ കൂടുതൽ പ്രചാരം നേടിയ 1980 കളിൽ റേഡിയോയിലൂടെ ചലച്ചിത്രഗാനങ്ങൾ ആസ്വദിച്ചിരുന്ന വലിയ വിഭാഗമുണ്ടായിരുന്നു. തിരുവനന്തപുരം നഗരത്തിലെ ഇത്തരത്തിലുള്ള ഇരുന്നൂറോളം റോളം വിദ്യാർത്ഥികളിൽ നിന്ന് അഭിപ്രായങ്ങൾ ശേഖരിച്ചു. ദൃശ്യങ്ങൾക്കൊപ്പം ചലച്ചിത്രഗാനങ്ങൾ കേൾക്കുമ്പോൾ ആസ്വാദനം കുറയുന്നുവെന്നാണ് വേണുഗോപാൽ കണ്ടെത്തിയത്. എന്നാൽ ടെലിവിഷനെ ജനങ്ങളിലേക്ക് അടുപ്പിക്കാൻ ചലച്ചിത്രഗാനങ്ങൾക്ക് സാധിച്ചു. പക്ഷെ നടീനടന്മാർക്ക് ഗാനങ്ങളിൽ പ്രാധാന്യം ലഭിക്കുന്നു. ഗായകൻ പിന്നണിയിലേക്ക് മാറ്റപ്പെടുന്നു.

ഒരേ സമയം ദൃശ്യശ്രവണേന്ദ്രിയങ്ങളെ ത്രസിപ്പിക്കുന്നുണ്ടെങ്കിലും ടെലിവിഷൻ അതിന്റെ കാഴ്ച്ചക്കാരനെ മാത്രമാണ് നേരിട്ട് അഭിസംബോധന ചെയ്യുന്നതെന്ന് കൂടി പഠനം മുന്നോട്ട് വയ്ക്കുന്നുണ്ട്. പിന്നണിയിൽ ഗായകന്റെ ശബ്ദവും മുന്നണിയിൽ ചുണ്ടനക്കുന്ന താരവും... ഗായകനായ ഗവേഷകൻ അതിന്റെ രാഷ്ട്രീയം പലയിടങ്ങളിലും പറയാതെ പറയുന്നുണ്ട് .

ചലച്ചിത്രത്തിലെ കഥാപാത്രങ്ങളുടെ വികാര സഞ്ചാരങ്ങൾ സംവേദനം ചെയ്യാനുപയോഗിക്കുന്ന ഒരു ഉപകരണമാണ് ചലച്ചിത്ര സംഗീതമെന്ന് വലിയൊരു വിഭാഗം അഭിപ്രായപ്പെടുന്നുണ്ട്. ചലച്ചിത്ര ഗാനങ്ങൾ വെറും പിന്നണി ഗാനങ്ങളായി ഒതുങ്ങി പോകുന്നതും ജി.വേണുഗോപാലിനെ പോലെ ശുദ്ധസംഗീതത്തെ സ്നേഹിക്കുന്നവർ പലരും പിന്നണി ഗായകരായി മാത്രം അറിയപ്പെടുന്നതും അതുകൊണ്ടാകാം.




തന്റെ പ്രബന്ധത്തിന്റെ ആദ്യ പേജിൽ ജി. വേണുഗോപാൽ എഴുതി ചേർത്ത വരികൾ. ഡി.സി.ജെ ലൈബ്രറിയിലെ അലമാരകളിലൊന്നിൽ 89ാം അക്കത്തിൽ ഈ ഗവേഷണപ്രബന്ധം കാണാം. ഇൻസെറ്റിൽ ജി. വേണുഗോപാൽ.

# അത്യാവശ്യ നമ്പരുകൾ, കാര്യവട്ടം ക്യാമ്പസ്

തയ്യാറാക്കിയത് : അനില എസ്

**താമസസൗകര്യം പെൺകുട്ടികൾക്ക്**
വാർഡൻ ഡോ: ഗീതാകുമാരി.എസ്
ബിരുദാനന്തര ബിരുദ വിഭാഗം 2308808 9495518943
ഗവേഷണ വിഭാഗം2413222

**സർവകലാശാല ആരോഗ്യ കേന്ദ്രം**
ഓഫീസ് ക്യാമ്പസ്
ബഹു:ഡയറക്ടർ ഡോ:വി.സുകുമാരൻ: 2386396 /315
ഹെൽത്ത് ഇൻഫർമേഷൻ ഓഫീസർ
എം.നിസാമുദീൻ:
2386396 9847735268

**കാര്യവട്ടം ക്യാമ്പസ് മെഡിക്കൽ ഓഫീസർ**
ഡോ:പി.ചന്ദ്രമോഹൻ(കരാർ പ്രകാരം) 2308976 9400551052

**ക്രെഡിറ്റ് & സെമസ്റ്റർ സിസ്റ്റം, കാര്യവട്ടം**
ഡെപ്യൂട്ടി രജിസ്ട്രാർ :2308328

**എൻക്വയറി/റിസപ്ഷൻ ഓഫീസർ**
ശ്രീ:അജിത് കുമാർ 2386370 9497003347

**സെക്യൂരിറ്റി ഓഫീസർ കാര്യവട്ടം ക്യാമ്പസ്**
ശ്രീ:ബാലൻ 2308849
(അസി: സെക്യൂരിറ്റി ഓഫീസർ)
സെക്യൂരിറ്റി കൺട്രോൾ റൂം

**കാര്യവട്ടം സ്റ്റോർകീപ്പേർസ്**
2308849, 2386222
ശ്രീ:എസ്. ഗോപിനാഥൻ 2386205, ശ്രീ:വില്യം ജോർജ് ഡാനിയൽ 2386223

# ബസ് സമയം

## കാര്യവട്ടം മുതൽ തിരുവനന്തപുരം വരെ

രാവിലെ
7.30ന് കാര്യവട്ടം ക്വാർട്ടേഴ്സ് നിന്നും മെഡിക്കൽ കോളജ്, പട്ടം, എസ്.എച്ച്.സി. വഴി കിഴക്കേകോട്ട.
8.10ന് കാര്യവട്ടം ക്വാർട്ടേഴ്സിൽ നിന്നും പി. എം. ജി., പാളയം വഴി എസ്. എച്ച്. സി.
9.10ന് കാര്യവട്ടം ക്വാർട്ടർട്ടേഴ്സിൽനിന്നും പി. എം. ജി., പാളയം വഴി എസ്. എച്ച്. സി.
ഉച്ചയ്ക്ക്
1.30ന് മലയാളം വിഭാഗം മുതൽ കേശവദാസപുരം,പി. എം.ജി,പാളയം വഴി എസ്. എച്ച്. സി.
2.10ന് മലയാളം വിഭാഗം മുതൽ ആർ.എച്ച്,ടി.എച്ച്,പി. എം. ജി വഴി എസ്. എച്ച്. സി.
വൈകിട്ട്
4.45ന് മലയാളം വിഭാഗം മുതൽ നോൺസ്റ്റോപ്പ് ടു തമ്പാനൂർ
4.45ന് മലയാളം വിഭാഗം മുതൽ പി.എം.ജി., പാളയം വഴി എസ്. എച്ച്.സി.
4.45ന് മലയാളം വിഭാഗം മുതൽ കവടിയാർ, വഴുതക്കാട്, തമ്പാനൂർ, കരമന,പൂജപ്പുര വഴി എസ്. എച്ച്.സി.
5.15ന് കാര്യവട്ടം ക്വാർട്ടേഴ്സിൽ നിന്നും പട്ടം,എസ്. എച്ച്. സി വഴി കിഴക്കേകോട്ട.

## തിരുവനന്തപുരം മുതൽ കാര്യവട്ടം വരെ

രാവിലെ
7.35ന് എസ്. എച്ച്.സി. നിന്നും പി.എം. ജി, പട്ടം,കേശവദാസപുരം വഴി കാര്യവട്ടം ക്വാർട്ടേഴ്സ്
8.05ന് എസ്. എച്ച്.സി. നിന്നും പൂജപ്പുര, കരമന,തമ്പാനൂർ(8.30 എ.എം) കവടിയാർ വഴി മലയാളം വിഭാഗം.
8.15ന് തമ്പാനൂർ നിന്നും എസ്. എച്ച്.സി, പി.എം. ജി, പട്ടം വഴി മലയാളം വിഭാഗം
8.30ന് കിഴക്കേകോട്ട നിന്നും എസ്. എച്ച്. സി, പി.എം. ജി. വഴി മലയാളം വിഭാഗം.
8.45ന് എസ്. എച്ച്. സി. നിന്നും പി. എം. ജി., പട്ടം വഴി മലയാളം വിഭാഗം
വൈകിട്ട്
3.40ന് എസ്. എച്ച്.സി. നിന്നും പി. എം. ജി, പട്ടം,എ.സി.എസ്, പട്ടം വഴി കാര്യവട്ടം ക്വാർട്ടേഴ്സ്
4.35ന് എസ്. എച്ച്.സി നിന്നും പി.എം.ജി., പട്ടം,കേശവദാസപുരം വഴി കാര്യവട്ടം ക്വാർട്ടേഴ്സ്
5.15ന് എസ്. എച്ച്.സി നിന്നും പനവിള,റെയിൽവേ സ്റ്റേഷൻ വഴി എസ്. എച്ച്. സി.
5.35ന് എസ്. എച്ച്.സി നിന്നും പി. എം. ജി, പട്ടം,കേശവദാസപുരം വഴി കാര്യവട്ടം ക്വാർട്ടേഴ്സ്
6.20ന് കിഴക്കേകോട്ട നിന്നും എസ്.എച്ച്. സി.മെയിൻ ഗേററ് (6.30 പി.എം),പട്ടം വഴി കാര്യവട്ടം ക്വാർട്ടേഴ്സ്.

# ട്രെയിൻ സമയം

## കഴക്കൂട്ടം നിന്നും തിരുവനന്തപുരം

8.45 എ.എം മലബാർ എക്സ്പ്രസ്
9.00 എ.എം പാസഞ്ചർ ട്രെയിൻ
9.45 എ. എംവഞ്ചിനാട് എക്സ്പ്രസ്

## കഴക്കൂട്ടം നിന്നും കൊല്ലം

12.45 പി.എം ഐലൻഡ് എക്സ്പ്രസ്
3.20 പി.എം. പാസഞ്ചർ ട്രെയിൻ
5.20 പി.എം പാസഞ്ചർ ട്രെയിൻ
6.00 പി. എം വഞ്ചിനാട് എക്സ്പ്രസ്

# ഊട്ടിയിൽ നിന്ന് ശ്രീലങ്കയിലേക്ക്



തസ്നീം മുഹമ്മദ് എം എസ്

**പ**ഠനത്തിരക്കുകൾക്കിടയിൽ വിനോദവും വിശ്രമവും തേടുന്ന വിദ്യർത്ഥികൾക്കും അധ്യാപകർക്കും ഊട്ടി മുതൽ ശ്രീലങ്ക വരെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കേരള സർവ്വകലാശാല കാര്യവട്ടം കാമ്പസിലുണ്ട്. നാന്നൂറ്റി അൻപതോളം ഏക്കറുള്ള കാമ്പസിനുള്ളിൽ ഊട്ടി,ശ്രീലങ്ക,ഹൈമാവതി,സരോവരം, നക്ഷത്രവനം, കാവ്, എന്നിങ്ങനെ വിവിധ പേരുകളിൽ അറിയപ്പെടുന്ന, പ്രകൃതി സൗന്ദര്യത്താലും വൈവിധ്യങ്ങളാലും സമ്പന്നമായ നിരവധി സ്ഥലങ്ങളാണുള്ളത്. പരിസ്ഥിതി സൗഹാർദത്താൽ അടയാളപ്പെടുത്താവുന്ന കലാലയമാണ് കാര്യവട്ടം ക്യാമ്പസ്.

## ക്യാമ്പസ് ഊട്ടി

തമിഴ്നാട്ടിലെ ഊട്ടിയോടു ക്യാമ്പസിലെ ഊട്ടിക്കു വലിയ സാദൃശ്യങ്ങളില്ല. ഊട്ടിക്കെങ്ങനെ ഈ പേരു വന്നു എന്ന് വ്യക്തമായ ധാരണയുമില്ല. എന്തായലും യഥാർത്ഥ ഊട്ടിയോട് കിടപിടിക്കുന്ന അനുഭവമാണ് ക്യാമ്പസ് ഊട്ടിക്കു നൽകാനുള്ളത്. മലയാളം ഡിപ്പാർട്ട്മെന്റിന്റെ എതിർഭാഗത്ത്, സർവകലാശാല ബസ് സ്റ്റോപ്പിന്
പുറകിലായി അക്കേഷ്യ പ്ലാന്റേഷനുള്ളിലൂടെ ചെറിയ വഴി കാണാം. അതിലൂടെ കയറിയാൽ ഘോര വനത്തിൽ എത്തിയതായി അനുഭവപ്പെടും. അക്കേഷ്യ കടന്നുകയറ്റത്തിലും അതിജീവനത്തിന്റെ കരുത്തു വിളിച്ചോതുന്ന ഫലവൃക്ഷങ്ങൾ തിങ്ങിനിറഞ്ഞ വഴിയിലൂടെ ഊട്ടിയിലേക്ക് യാത്ര തിരിക്കാം. തുടക്കത്തിൽ വഴിക്ക് കുറുകെ വീണു കിടക്കുന്ന മരങ്ങളും, തൊടലിമുള്ളുകളുമാണ് വെല്ലുവിളി എന്ന് തോന്നുമെങ്കിലും ഉള്ളിലേക്ക് കയറിയാൽ നടപ്പാത അപ്രത്യക്ഷമാവും. നാലുവശവും തിങ്ങിയ മുള്ളുചെടികളും നീളൻ പുല്ലുകളും വകഞ്ഞുമാറ്റി സ്വയം വഴി തെളിച്ചു വേണം യാത്ര തുടരാൻ. ഇരുപതു മിനിറ്റോളം സഞ്ചരിക്കുമ്പോൾ ഊട്ടി തടാകത്തിനോട് സമാനമായ ക്യാമ്പസ് ഊട്ടി തടാകം കാണാൻ കഴിയും. പിന്നെയും അരമണിക്കൂറോളം നടന്ന് ചെറിയ കയറ്റം കയറിയാൽ ഊട്ടിയിൽ എത്താം.

## ഹൈമാവതി

ദുരൂഹമായ കഥകളുടെ പേരിൽ ക്യാമ്പസിന് പുറത്തുവരെ പ്രശസ്തമാണ് ഹൈമാവതി അഥവാ പുല്ലേക്കോണം ചിറ. സർവകലാശാലക്കുള്ളിലെ ജലസംഭരണികളിൽ താരതമ്യേന വലുപ്പമേറിയ കുളമാണിത്. എഞ്ചിനീയറിംഗ് കോളേജിന്റെ പുറകുവശത്തായുള്ള മൈതാനത്തിനിടയിലൂടെ ഒരു വഴി കാണാം. ഇഴജന്തുക്കളെ ശല്യപ്പെടുത്താതെ വഴിയിലൂടെ മുന്നോട്ടു നടക്കുമ്പോൾ ചിറയിലെത്താം. വർഷങ്ങൾക്കു മുൻപ് മരങ്ങളാൽ ചുറ്റപെട്ടു നിഗൂഢമായ അന്തരീക്ഷമായിരുന്നു ഇവിടെ. ഹൈമാവതി എന്ന യുവതിയുടെ മരണവുമായി ബന്ധപെട്ട കഥകൾ കൂടി ഈ ചിറയുമായി ചേർത്ത് പറയുമ്പോൾ അന്തരീക്ഷം കൂടുതൽ ഭീകരമാവും. ധാരാളം മീനുകളും മറ്റും ഉണ്ടായിരുന്ന ചിറ പതിയെ വെള്ളം വറ്റി വരണ്ടു. കുളത്തിനെ ആശ്രയിച്ചു നിലനിന്നിരുന്ന ആവാസവ്യവസ്ഥയെ ദോഷകരമായി ബാധിച്ചു. ചിറയുമായി ചേർന്ന് ഒരു വലിയ കിണർ അടുത്തിടെ നിർമിച്ചതുകൊണ്ട് നിലവിലുള്ള ജലസ്രോതസ്സ് ഉപയോഗപ്പെടുന്നുണ്ടെന്നു പറയാം.

## സരോവരതീരം, നക്ഷത്ര വനം

ഭൂമിശാസ്ത്ര പരമായ പ്രത്യേകതകൾ കൊണ്ടല്ല മറിച്ച് ബോധപൂർവമായ നിർമ്മാണത്താലും സംരക്ഷണത്താലും വേറിട്ട് നിൽക്കുന്ന പ്രദേശമാണ് സരോവരതീരം. 2008ലാണ് സർവകലാശാലയുടെ മേൽനോട്ടത്തിൽ കുറ്റിച്ചെടികളും ഫലവൃക്ഷങ്ങളും മുളകളും പനകളുമൊക്കെ നട്ടും നിലവിൽ ഉണ്ടായിരുന്നതിനെ സംരക്ഷിച്ചും ഒരു പാർക്ക് എന്ന പോലെ സരോവരതീരം പ്രശസ്തമാകുന്നത്. ബയോകെമിസ്ട്രി, ഫിസിക്സ് ബ്ലോക്കുകളുടെ മുൻഭാഗത്താണ് സരോവരം. സരോവരത്തിനടുത്തായും ക്യാമ്പസിന്റെ പ്രധാന കവാടത്തിനു വലതു ഭാഗത്തായുമായാണ് നക്ഷത്രവനം സ്ഥിതി ചെയ്യുന്നത്. അശ്വതി(കാഞ്ഞിരം) ഭരണി(നെല്ലി) കാർത്തിക(അത്തി) രോഹിണി(ഞാവൽ) മകയിരം(കരിങ്ങാലി) ഇങ്ങനെ തുടങ്ങി 28 നക്ഷത്രങ്ങളിലെയും വൃക്ഷങ്ങൾ ഭംഗിയായി നക്ഷത്ര വനത്തിൽ നട്ടുപിടിപ്പിച്ചിരിക്കുന്നു. കൃത്രിമമായിട്ടാണെങ്കിലും ഇതിനിടയിൽ
നിർമിച്ചിരിക്കുന്ന ചെറുകുളങ്ങളും അവയിലെ ആമ്പൽ പൂക്കളും മനസ്സിന് കുളിർമ പകരുന്ന കാഴ്ച്ചകൾ തന്നെയാണ്.



## കുണ്ടേട്ട്കോണം കാവ്

കാവെന്ന് വിളിക്കുന്ന ഒന്നിലേറെ പ്രദേശങ്ങൾ കാമ്പസിനുള്ളിലുണ്ട്. അധികമാരും കടന്നു ചെല്ലാത്ത ഒട്ടേറെ മരങ്ങൾ തിങ്ങിനിറഞ്ഞ പ്രദേശങ്ങളുടെ എല്ലാം വിളിപ്പേര് കാവെന്നാണ്. എന്നാൽ കാവിന്റേതായ സവിശേഷതകളും അന്തരീക്ഷവുമുള്ള കുണ്ടേട്ട്കോണം കാവ് എല്ലാവർക്കും സുപരിചിതവുമല്ല. യൂണിവേഴ്സിറ്റിയുടെ പ്രധാനകവാടത്തിനു എതിർ ഭാഗത്തായിത്തുള്ള നോർത്ത് കാമ്പസിലെ ബയോ ഇൻഫർമാറ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ പുറകിലായയാണ് കുണ്ടേട്ട്കോണം കാവ്.

മരങ്ങളാലും വള്ളിപിണർപ്പുകളാലും ചുറ്റപ്പെട്ടു കിടക്കുന്ന പരമ്പരാഗതമായ ഒരു കാവിനെ അനുസ്മരിപ്പിക്കുന്ന പ്രദേശം. ഇത് മാത്രമല്ല വന്യവും വശ്യവുമായ സൗന്ദര്യം കൊണ്ടും നിഗൂഡതകളാലും പകരംവെക്കാനാവാത്ത നിരവധി സ്ഥലങ്ങൾ കാര്യവട്ടം ക്യാമ്പസിന് സ്വന്തമാണ്. എന്നാൽ ക്യാമ്പസിന്റെ പകുതിയിലധികവും അക്കേഷ്യ മരങ്ങൾ നിറഞ്ഞു നിൽക്കുന്നത് ഈ വൈവിധ്യങ്ങളുടെമേലുള്ള
വെല്ലുവിളി തന്നെയാണ്. വൈകാതെ ഇവ മുറിച്ചു മാറ്റി പകരം നാടൻ ഫലവൃക്ഷതൈകൾ വെച്ച്
പിടിപ്പിക്കുകയും ചെയ്യുമെന്ന പ്രതീക്ഷയിലാണ് ക്യാമ്പസിനെയും പരിസ്ഥിതിയെയും സ്നേഹിക്കുന്നവർ.

## ശ്രീലങ്ക

ഇന്ത്യയുടെ ഭൂപടത്തിനു സമീപമായുള്ള ശ്രീലങ്കയുടെ സ്ഥാനത്തിനു സമാനമായി കാര്യവട്ടം ക്യാമ്പസിന്റെ ഭൂപടത്തിൽ ഒരു പ്രദേശമുണ്ട്. ഈ ഭാഗത്തിന് ശ്രീലങ്ക എന്ന പേര് ലഭിക്കാൻ മറ്റ് കാരണങ്ങൾ ഒന്നും വേണ്ടായിരുന്നു. ഓറിയന്റൽ ബ്ലോക്കിന് താഴ് ഭാഗത്തായും പെർഫോമിംഗ് ആർട്സ് ഡിപ്പാർട്ട്മെന്റിന് മുന്നിലായുമുള്ള മരങ്ങൾ ഒരുമിച്ച് നിൽക്കുന്ന ഒരു ദ്വീപിനോടെന്ന പോലെ നാലുവശവും റോഡുകളാൽ ചുറ്റപ്പെട്ട ചെറിയ പ്രദേശമാണ് ശ്രീലങ്ക. ഈ ഭാഗത്തെ മനോഹരവും വ്യത്യസ്തവുമാക്കുന്നത് ആകൃതിയിലും വലുപ്പത്തിലുമുള്ള പ്രത്യേകതകളാണ്.

## കാഴ്ചയ്ക്കിടെ...

പകർത്തിയത്:റാൽഫ് റോബർട്ട്, വിവേക് ജി. രാജ്

